# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂൺ 12, ബുധൻ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ– 320)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
| --- | --- |
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | 648 മുതൽ 770 വരെ |
| ജലവിഭവ വകുപ്പുമന്ത്രി | 771 മുതൽ 863 വരെ |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി | 864 മുതൽ 912 വരെ |
| പട്ടികജാതി–പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | 913 മുതൽ 967 വരെ |

### പൊതുജനാരോഗ്യനയം

648 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുജനാരോഗ്യനയം രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഏകീകൃത ആരോഗ്യനിയമം എന്ന് നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ നയം</u>

649

ശ്രീ. പാലോട് രവി
,, എ. പി. അബ്ദുള്ളക്കുട്ടി
,, ലൂഡി ലൂയിസ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ നയം പ്രഖ്യാപിക്കുന്നതിന് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

ആരോഗ്യവകുപ്പിൽ ലോകാരോഗ്യസംഘടനയുടെ ഫണ്ട് വിനിയോഗം

650

ശ്രീ. സി. ദിവാകരൻ
,, ജി. എസ്. ജയലാൽ
,, വി. ശശി
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ടും ലോകാരോഗ്യ സംഘടനയിൽ നിന്നുള്ള ഫണ്ടും വിനിയോഗിക്കുന്നതിന് പ്രത്യേക നടപടിക്രമങ്ങളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത തുകകൾ ഏത് അക്കൗണ്ടുകളിലായിട്ടാണ് എത്തിച്ചേരുന്നത് എന്നും തുകകൾ ക്യാഷ് ബുക്കിൽ ഉൾപ്പെടുത്തുന്നുണ്ടോ എന്നും അറിയിക്കുമോ;

(സി) രണ്ടായിരത്തിനു ശേഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കു വേണ്ടിയും ലോകാരോഗ്യ സംഘടനയിൽ നിന്നും ഓരോ പദ്ധതിക്കും ലഭിച്ച തുകയും ചെലവാക്കിയ തുകയും എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) മുഴുവൻ തുകയും ചെലവഴിക്കാത്തതായുണ്ടെങ്കിൽ അതിനുള്ള കാരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

ആരോഗ്യ രംഗത്തെ ദേശീയ അംഗീകാരങ്ങൾ

651 ശ്രീ. എം. എ. വാഹീദ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബൽറാം
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യ രംഗത്ത് എന്തെല്ലാം ദേശീയ അംഗീകാരങ്ങളാണ് ലഭിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം ആശുപത്രികൾക്കാണ് ഇവ ലഭിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(സി) ഇതു കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം ;

(ഡി) അംഗീകാരങ്ങൾ നിലനിർത്തുന്നതിനും പുതിയ ആശുപത്രികൾക്ക് ഇവ ലഭിക്കുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

എല്ലാ പഞ്ചായത്തുകളിലും അലോപ്പതി, ആയുർവേദം, ഹോമിയോ ചികിത്സാ സൗകര്യങ്ങൾ

652 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ പഞ്ചായത്തുകളിലും അലോപ്പതി, ആയുർവേദം, ഹോമിയോ ചികിത്സാ സൗകര്യങ്ങൾ സർക്കാർ മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് ഇവ ഇല്ലാത്തതെന്നു വ്യക്തമാക്കുമോ ;

(സി) ഈ ചികിത്സാ സൗകര്യങ്ങൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ഇത് ഉണ്ടാക്കുവാൻ അടിയന്തരമായി നടപടികൾ സ്വീകരിക്കുമോ ;

(ഡി) ആലത്തൂർ നിയോജകമണ്ഡലത്തിലെ ആലത്തൂർ പഞ്ചായത്തിൽ ഹോമിയോ ആശുപത്രിയും എരിമയൂർ പഞ്ചായത്തിൽ ആയുർവേദ ആശുപത്രിയും പ്രാവർത്തികമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>പുതിയ പി.എച്ച്.സി.കൾ</u>

653 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ കുടുംബക്ഷേമ വകുപ്പ് 04.09.12 ൽ ഇറക്കിയ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പുതിയതായി തുടങ്ങുവാൻ തീരുമാനിച്ചിരുന്ന 24 പി.എച്ച്.സി. കളിൽ എത്ര പി.എച്ച്.സി. കൾ പ്രവർത്തനം ആരംഭിച്ചുവെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) ഈ ഉത്തരവ് പ്രകാരം നഗരൂർ ഗ്രാമ പഞ്ചായത്തിന് അനുവദിച്ചിട്ടുള്ള പി.എച്ച്.സി. എന്നത്തേക്ക് പ്രവർത്തനമാരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത് എന്നും ഇതിനു വേണ്ട നടപടി ക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>പുതിയ പ്രൈമറി ഹെൽത്ത് സെന്ററുകൾ</u>

654 ശ്രീ.പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷം പ്രൈമറി ഹെൽത്ത് സെന്റർ ആരംഭിക്കാനുദ്ദേശിക്കുന്ന ഗ്രാമപഞ്ചായത്തുകൾ ഏതെല്ലാമാണ് എന്നറിയിക്കുമോ;

(ബി) ഇതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>കാരുണ്യ ഫാർമസി സ്ഥാപിക്കുവാൻ നടപടി</u>

655 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'കാരുണ്യ ഫാർമസി' ഏതെല്ലാം ആശുപത്രികളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും, ഈ സംവിധാനം ഏത് തലം വരെയുള്ള ആശുപത്രികളിലാണ് ഇപ്പോൾ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) 'കാരുണ്യ ഫാർമസി' കളിൽ നിന്നും വാങ്ങുന്ന മരുന്നുകൾക്ക് നൽകിവരുന്ന ഇളവുകളെ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ എല്ലാ കമ്മ്യൂണിറ്റി സെന്റർ വരെയുള്ള ആശുപത്രികളിലും കാരുണ്യ ഫാർമസി സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ആരോഗ്യ വകുപ്പിലെ കാലോചിത ജോലി ക്രമീകരണം</u>

656 ശ്രീ.ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ ഹെൽത്ത് കോഡ് നിലവിൽ വരുന്ന സാഹചര്യത്തിൽ കാലഹരണപ്പെട്ട ഭവന സന്ദർശന പരിപാടികളിലും മറ്റും കാലോചിതമായി മാറ്റം വരുത്തി ജീവിതശൈലീരോഗങ്ങൾ, പാലിയേറ്റീവ് കെയർ, പ്രതിരോധ കുത്തിവയ്പുകൾ എന്നിവയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കത്തക്കവിധത്തിൽ ജോലി ക്രമീകരണം നടത്തുന്നതിന് തയ്യാറാകുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ജീവിതശൈലീരോഗങ്ങൾ സാന്ത്വനപരിചരണം, പ്രതിരോധ കുത്തിവയ്പുകൾ എന്നിവ വിജയകരമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് പുതിയതായി എടുത്തിട്ടുള്ളത് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

ജീവിത ശൈലി രോഗ നിയന്ത്രണ പദ്ധതി

657 ശ്രീ. മുല്ലക്കര രത്നാകരൻ
,, പി. തിലോത്തമൻ
,, ചിറ്റയം ഗോപകുമാർ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതി ആരംഭിച്ചതെന്നാണ് ; ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം സൗജന്യ സേവനങ്ങളും മരുന്നുകളുമാണ് ലഭ്യമാക്കികൊണ്ടിരിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി സൗജന്യമായി നല്കേണ്ട മരുന്നുകൾക്ക് ക്ഷാമം നേരിടുന്നതുമൂലം രോഗികൾക്ക് അവ ലഭിക്കുന്നില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ ?

## കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>പകർച്ചവ്യാധികൾ</u>

658 ശ്രീ. തോമസ് ഉണ്ണിയാടൻ
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പകർച്ച വ്യാധികളും, നിർമ്മാർജ്ജനം ചെയ്ത രോഗങ്ങളുടെ തിരിച്ചു വരവും നിയന്ത്രിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) എല്ലാവർക്കും ആരോഗ്യം ഉറപ്പാക്കുന്നതിന് സർക്കാർ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ്; വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>പകർച്ചവ്യാധികളും ജീവിതശൈലീരോഗങ്ങളും</u>

659 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധികളും ജീവിതശൈലീരോഗങ്ങളും കാരണം കേരളത്തിൽ മരണനിരക്ക് കൂടുന്നു എന്ന സാമ്പത്തിക അവലോകന റിപ്പോർട്ടിലെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ജീവിതശൈലീരോഗങ്ങൾക്കെതിരായ ബോധവൽക്കരണത്തിനുവേണ്ടി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യുന്നത് എന്നും ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>കൗമാരക്കാർക്കായി ഹെൽത്ത് ക്ലിനിക്കുകൾ</u>

660 ശ്രീ. വർക്കല കഹാർ
,, എ. റ്റി. ജോർജ്
,, വി. ഡി. സതീശൻ
,, എം. എ. വാഹിദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൗമാരക്കാർക്കായി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഹെൽത്ത് ക്ലിനിക്കുകൾ ആരംഭിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തൊക്കെ ചികിൽസകളാണ് ഇവിടെ നിന്നും ലഭിക്കുന്നത്;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

ബ്ലഡ് ബാങ്കുകളുടെ പ്രവർത്തനം

661 ശ്രീ. എം. ഉമ്മർ
,, കെ. മുഹമ്മദുണ്ണി ഹാജി
,, പി. ഉബൈദുള്ള
,, എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലെ ബ്ലഡ് ബാങ്കുകളുടെ പ്രവർത്തനം സംബന്ധിച്ച വിശദ വിവരം നൽകാമോ;

(ബി) രക്തശേഖരണം, വിതരണം എന്നിവ സംബന്ധിച്ച നടപടിക്രമം വിശദമാക്കുമോ;

(സി) നിർദ്ധനരായ രോഗികൾക്ക് രക്തം സൗജന്യമായി നൽകാറുണ്ടോ;

(ഡി) രക്തബാങ്കിൽ സൗജന്യമായി രക്തം ലഭിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ; അതിന്റെ പരിശുദ്ധി സംബന്ധിച്ച് പരിശോധനാസംവിധാനം എന്താണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 12.06.2013–ലെ മറുപടിക്ക്

<u>ആരോഗ്യ അദാലത്തുകൾ</u>

662

ശ്രീ. ഹൈബി ഈഡൻ
,, റ്റി. എൻ. പ്രതാപൻ
,, സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യത്തിലെ കുറവുകൾ സംബന്ധിച്ച പരാതി പരിഹാരത്തിനും രോഗികളുടെ ചികിത്സാ നിലവാരം ഉയർത്തുന്നതിനും എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ആയതിനായി ആരോഗ്യപരിപാലന കേന്ദ്രങ്ങളിൽ ആരോഗ്യ അദാലത്തുകൾ നടത്തുന്നത് പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഏതെല്ലാം കേന്ദ്രങ്ങളിലാണ് അദാലത്തുകൾ നടത്തുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 12.06.2013-ലെ മറുപടിക്ക്

<u>ആരോഗ്യ കിരണം പദ്ധതി</u>

663 ശ്രീ. വി. എസ്. സുനില്‍ കുമാര്‍
ശ്രീമതി ഇ. എസ്. ബിജിമോള്‍
ശ്രീ. ജി. എസ്. ജയലാല്‍
" കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആരോഗ്യ കിരണം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്;

(ബി) ഏതെല്ലാം പദ്ധതികള്‍ സംയോജിപ്പിച്ചാണ് ആരോഗ്യ കിരണം പദ്ധതി ആരംഭിക്കുന്നത്; വെളിപ്പെടുത്തുമോ;

(സി) മതിയായ ചികില്‍സയും പരിചരണവും ലഭിക്കാതെ സംസ്ഥാനത്ത് ശിശുക്കള്‍ മരണപ്പെട്ടുകൊണ്ടിരിക്കുന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ശിശുമരണം തടയുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ചികിത്സാ സഹായ പദ്ധതികൾ</u>

664 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ സൗജന്യ ചികിത്സയ്ക്ക് പുറമെ നിർദ്ധനരും അല്ലാത്തവരുമായ രോഗികൾക്ക് വിവിധ മന്ത്രിമാരുടെ ചികിത്സാ ധനസഹായം അടക്കം ഏതെല്ലാം ചികിത്സാ സഹായപദ്ധതികളാണ് നിലവിലുള്ളത്;

(ബി) ഇവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും ചികിത്സ ധനസഹായം</u>

665 ശ്രീ.കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആരോഗ്യകുടുംബക്ഷേമ വകുപ്പിൽ നിന്നും പാവപ്പെട്ടവർക്കുള്ള ചികിത്സ ധനസഹായം ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പേർക്ക് ലഭിച്ചിട്ടുണ്ടെന്ന് ലിസ്റ്റ് സഹിതം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് കൺട്രോൾ പ്രോഗ്രാം

666 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ മരുന്നു സംഭരണത്തിലെ കെടുകാര്യസ്ഥതയും അപാകതകളും മൂലം 'നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് കൺട്രോൾ പ്രോഗ്രാം' പാളുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രോഗ്രാം വഴി ജീവിതശൈലീ രോഗബാധിതർക്ക് ഇൻസുലിൻ ഉൾപ്പെടെ മരുന്നുകൾ പി.എച്ച്.സി.കൾ വഴി നൽകുമെന്ന് പ്രഖ്യാപിക്കുകയും ആയത് ഇതുവരെ നടപ്പിലാക്കിയിട്ടില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) മാസത്തിൽ ഒരിക്കൽ ഇത്തരം രോഗികൾക്ക് പരിശോധന നടത്തുന്നതിന് റൂറൽ ഹെൽത്ത് മിഷന് എത്ര കോടി രൂപ അനുവദിച്ചിരുന്നു എന്നും ആയതിൽ എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പ്രോഗ്രാമിൽ നിലവിൽ എത്ര ഗുണഭോക്താക്കളുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) ജീവിത ശൈലീരോഗബാധിതർക്ക് യഥാസമയം മരുന്നു നൽകാതെ രോഗികളെ ബുദ്ധിമുട്ടിലാഴ്ത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ഉന്നതതല അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

അജ്ഞാത മൃതദേഹങ്ങളെ സംബന്ധിച്ച വിവര ശേഖരണം

667 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ എത്തിച്ചേരുന്ന അജ്ഞാത മൃതദേഹങ്ങളെ സംബന്ധിച്ച് വിവര ശേഖരണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(ബി) നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് ഇത്തരം മൃതദേഹങ്ങൾ എത്രനാൾ വരെ ഹോസ്പിറ്റലിൽ സൂക്ഷിക്കാൻ കഴിയും ; വിശദാംശം നൽകുമോ ;

(സി) ഇത്തരം മൃതദേഹങ്ങൾ അനാട്ടമി ലാബുകളിലേക്ക് നൽകുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കേണ്ടത് എന്ന് വിശദീകരിക്കുമോ ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>മരുന്നുകൾ വാങ്ങുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം</u>

668 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലേക്ക് മരുന്നുകൾ വാങ്ങുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) വാങ്ങേണ്ട മരുന്നുകളുടെ സംസ്ഥാന ലിസ്റ്റ് തയ്യാറാക്കുവാൻ ചുമതലപ്പെടുത്തിയിരിക്കുന്നത് ആരെയൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) വാങ്ങുന്ന മരുന്നുകളുടെ എത്ര ശതമാനം ഓരോ വർഷവും കാലാവധി കഴിയുന്നതിന്റെ പേരിൽ നശിപ്പിക്കപ്പെടുന്നു എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>മരുന്ന് മൊത്തവില്പന</u>

669 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മരുന്നു വിതരണത്തിലെ ഹോൾസെയിൽ രംഗം പൂർണ്ണമായും സർക്കാർ ഉമസ്ഥതയിലാക്കുന്ന കാര്യം ആലോചിക്കുമോ;

(ബി) മെഡിക്കൽ സർവ്വീസ് കോർപ്പറേഷനെ മെഡിക്കൽ ഹോൾസെയിൽ മേഖല ഏൽപ്പിച്ചു നൽകുന്ന കാര്യം പരിഗണിക്കാമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>മെഡിസിനൽ പ്ലാന്റ് ബോർഡിന്റെ പദ്ധതികൾ</u>

670 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
'' പി. കെ. ബഷീർ
'' പി. ബി. അബ്ദുൾ റസാഖ്
'' കെ. എൻ. എ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിസിനൽ പ്ലാന്റ് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് മരുന്ന് നിർമ്മാണത്തിന് ഏറ്റവും കൂടുതൽ ആവശ്യമുള്ള മെഡിസിനൽ പ്ലാന്റുകൾ ഏതൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ, വിശദവിവരം നൽകാമോ;

(സി) ആദിവാസി വിഭാഗത്തിന് ഉന്നമനം ലക്ഷ്യമിട്ട് മെഡിസിനൽ പ്ലാന്റ് ബോർഡ് നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) വനമേഖലയിൽ മാത്രം വളരുന്ന മരുന്നു ചെടികൾ അവിടങ്ങളിൽ നട്ടു പിടിപ്പിച്ച് ലഭ്യത വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

ഭക്ഷ്യ വസ്തുക്കളുടെ മൈക്രോബയോളജിക്കൽ പരിശോധന

671 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ വസ്തുക്കളുടെ മൈക്രോബയോളജിക്കൽ പരിശോധന ഉറപ്പാക്കാൻ സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര മൈക്രോബയോളജിക്കൽ ലാബ് നിലവിലുണ്ട് എന്നറിയിക്കുമോ;

(സി) മൈക്രോബയോളജിക്കൽ ലാബുകളുടെ അപര്യാപ്തത ആരോഗ്യകരമല്ലാത്തതും മായം കലർന്നതുമായ ഭക്ഷണ പദാർത്ഥങ്ങളുടെ ഉപഭോഗം മൂലമുള്ള അപകട സാദ്ധ്യത വർദ്ധിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് തടയുന്നതിന് 2007ലെ പി.എഫ്.എ. നിയമം അനുസരിച്ചുള്ള വ്യവസ്ഥകൾ നടപ്പിലാക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

വിഷാംശമുള്ള പഴങ്ങളും പച്ചക്കറികളും
വിൽക്കുന്നതിനെതിരെ നടപടി

672 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽക്കുന്ന പഴങ്ങളിലും പച്ചക്കറികളിലും വിഷാംശങ്ങൾ അടങ്ങിയിരിക്കുന്നത് കണ്ടെത്തുന്നതിനും നിയമത്തിന് മുന്നിൽ കൊണ്ട് വരുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരക്കാരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന് ആരോഗ്യ വകുപ്പ് സ്ക്വാഡുകൾ സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>രാസവസ്തുക്കൾ ചേർത്ത പാനീയ വസ്തുക്കളുടെ വിതരണം</u>

673

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാസവസ്തുക്കൾ ചേർത്ത് ഐസ്ക്രീം മിക്സ്, ബദാം മിക്സ് തുടങ്ങി വ്യത്യസ്തപേരുകളിൽ ഹെൽത്ത് ഡ്രിങ്കുകൾ എന്നതരത്തിൽ ആകർഷകമായി പാക്ക് ചെയ്ത പൗഡറുകൾ വിപണനം ചെയ്യുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഇവ നിർമ്മിക്കുന്ന കേന്ദ്രങ്ങളിൽ പരിശോധന നടത്തി സാമ്പിൾ ശേഖരിച്ചിട്ടുണ്ടോ; പരിശോധനാ ഫലം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരം അനധികൃതവും ആരോഗ്യത്തിന് ഹാനികരവുമായ ഭക്ഷ്യ, പാനീയ വസ്തുക്കൾ ഉണ്ടാക്കി വിപണനം ചെയ്യുന്ന എത്ര സ്ഥാപനങ്ങൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>മനുഷ്യരിൽ മരുന്ന് പരീക്ഷണം</u>

674

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരുന്ന് പരീക്ഷണം മനുഷ്യരിൽ നടത്തുന്നതുമായി ബന്ധപ്പെട്ട എന്തെങ്കിലും സംഭവങ്ങൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മരുന്ന് പരീക്ഷണത്തിന് രോഗികളെ വിധേയരാക്കുന്നതിൽ നിന്നും തടയാൻ എന്തെല്ലാം കരുതൽ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>രോഗികളിൽ നടത്തുന്ന മരുന്നുപരീക്ഷണം</u>

675 ശ്രീ. എൻ. എ നെല്ലിക്കുന്ന്
,, പി. ഉബൈദുള്ള
,, കെ. മുഹമ്മദുണ്ണി ഹാജി
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രോഗികളിൽ നടത്തുന്ന മരുന്നുപരീക്ഷണത്തെക്കുറിച്ചു പഠിക്കാൻ നിയോഗിച്ചിരുന്ന കമ്മിറ്റി ആയതിന്റെ റിപ്പോർട്ട് സർക്കാരിനു സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നിയമവിധേയമല്ലാത്ത വിധത്തിലുള്ള മരുന്നു പരീക്ഷണങ്ങൾ സംസ്ഥാനത്ത് നടക്കുന്നതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം അനധികൃത പരീക്ഷണങ്ങൾ തടയാൻ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) അനധികൃത മരുന്നുപരീക്ഷണത്തിനു വിധേയരായവർ മരണമടഞ്ഞതായി റിപ്പോർട്ടുണ്ടോ; എങ്കിൽ കുറ്റവാളികൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

അവയവദാനത്തിന് വിപുലമായ സംവിധാനം

676 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവദാനത്തിന് നിലവിലുള്ള സർക്കാർ സംവിധാനത്തിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് അവയവമാറ്റ ശസ്ത്രക്രിയ സൗകര്യമുള്ള സർക്കാർ ആശുപത്രികളുടെ വിവരം വെളിപ്പെടുത്തുമോ ;

(സി) അവയവദാനവും അവയവമാറ്റവുമായി ബന്ധപ്പെട്ട് നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിയ്ക്കുന്ന കാര്യത്തിലുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

2010-13 കാലയളവിലെ ഹെപ്പറ്റൈറ്റിസ് രോഗികൾ

677 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹെപ്പറ്റൈറ്റിസ്-ബി വാഹകർക്കിടയിൽ സംസ്ഥാന എയിഡ്സ് കൺട്രോൾ സൊസൈറ്റി നടത്തിയ സർവേയുടെ വിശദാംശങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) 2010 മുതൽ 2013 വരെയുള്ള വർഷങ്ങളിൽ ഹെപ്പറ്റൈറ്റിസ്-ബി രോഗ സംബന്ധമായി സർക്കാർ സ്വകാര്യ ആശുപത്രികളിൽ എത്തിച്ചേർന്ന രോഗികളുടെ വിവരങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ആരോഗ്യ വകുപ്പ് ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തിരമായി പഠനം നടത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

കിഡ്നി ചികിൽസ നല്കുന്നതിനുള്ള സൗകര്യങ്ങളുടെ അപര്യാപ്തത

678

ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഡ്നി രോഗികളുടെ എണ്ണത്തിൽ വൻ വർദ്ധനവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്ഥിതിയിലും സർക്കാർ ആശുപത്രികളിൽ പാവപ്പെട്ട രോഗികൾക്ക് കിഡ്നി ചികിൽസ നല്കുന്നതിനുള്ള സൗകര്യങ്ങളുടെ അപര്യാപ്തത നിലവിലുള്ള കാര്യം അറിയുമോ;

(സി) സംസ്ഥാനത്തെ എത്ര സർക്കാർ ആശുപത്രികളിൽ ഡയാലിസിസിനുള്ള സൗകര്യം നിലവിലുണ്ട്.

(ഡി) രോഗികളുടെ വർദ്ധന കണക്കിലെടുത്ത് കൂടുതൽ ആശുപത്രികളിൽ ഇ സൗകര്യം ഏർപ്പെടുത്തുമോ;

(ഇ) വൃക്ക രോഗ നിയന്ത്രണകാര്യത്തിൽ ആവശ്യമായ ബോധവല്ക്കരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ഗ്രാമീണ മേഖലയിലെ സ്ത്രീകൾക്ക് തൊഴിൽജന്യ രോഗങ്ങൾ ഉണ്ടാകുന്ന സംഭവം</u>

679 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ഏർപ്പെടുന്ന സ്ത്രീകൾക്ക് തൊഴിൽജന്യ രോഗങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ;

(സി) ഗ്രാമീണ മേഖലയിലെ സ്ത്രീകളുടെ ആരോഗ്യ സംരക്ഷണത്തിനായി ആരോഗ്യ-സുരക്ഷാ പാക്കേജ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം</u>

680 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികൾക്കിടയിൽ പകർച്ച വ്യാധികൾ വ്യാപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പകർച്ച വ്യാധികൾ തടയുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) അന്യസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിന് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനം</u>

681

ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനം നടത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത്;

(ബി) മഴക്കാല രോഗ സാധ്യത കണക്കാക്കി ആവശ്യത്തിന് ജീവനക്കാരെയും മരുന്നും മറ്റ് സൗകര്യങ്ങളും ഉറപ്പ് വരുത്തിയിട്ടുണ്ടോ;

(സി) എൻ. ആർ. എച്ച്. എം. ജീവനക്കാരെ സർക്കാർ ജീവനക്കാരായി മാറ്റാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>മഴക്കാലരോഗ പ്രതിരോധ നടപടികളും ഡെങ്കിപ്പനിയും</u>

682

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴക്കാല രോഗ പ്രതിരോധത്തിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന വിവരം നൽകുമോ;

(ബി) സംസ്ഥാനത്ത് എത്ര പേർ ഈ വർഷം ഡെങ്കിപ്പനി ബാധിച്ച് മരിച്ചതായി സ്ഥിരികരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഈ വർഷം ഡെങ്കിപ്പനി ബാധിച്ചവരുടെ എണ്ണം കഴിഞ്ഞ വർഷത്തേക്കാൾ വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാശം നൽകുമോ;

(ഡി) ഡെങ്കിപ്പനി തടയുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>കായംകുളം മണ്ഡലത്തിലെ മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾ</u>

683

ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴക്കാല പൂർവ്വ ശുചീകരണപ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ കായംകുളം നഗരസഭ, പത്തിയൂർ, ചെട്ടിക്കുളങ്ങര, കൃഷ്ണപുരം, കണ്ടല്ലൂർ, ദേവികുളങ്ങര ഭരണീക്കാവ് ഗ്രാമപഞ്ചായത്തുകളിൽ എന്തെല്ലാം പ്രവർത്തികളാണ് നടപ്പിലാക്കിയിട്ടുളളതെന്നറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ ആവശ്യമായ എണ്ണം ആരോഗ്യ പ്രവർത്തകർ ഉണ്ടോ;

(സി) 2012-2013 ൽ പ്രസ്തുത സ്ഥലങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടുളള പകർച്ച വ്യാധികൾ ഇനം തിരിച്ച് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>ഡെങ്കിപ്പനി കോളറ മുതലായവയുടെ നിയന്ത്രണം</u>

684 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പടർന്ന് പിടിക്കുന്ന ഡെങ്കിപ്പനി, കോളറ മുതലായവ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) നടപ്പുവർഷം കേരളത്തിൽ ഡെങ്കിപ്പനി ബാധിതരായി മരിച്ചവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

ഡെങ്കിപ്പനി മൂലം മരണപ്പെട്ടവരുടെ എണ്ണം

685 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ജനുവരി മുതൽ മെയ് 31 വരെ സംസ്ഥാനത്ത് എത്ര പേർ ഡെങ്കിപ്പനി മൂലം വിവിധ സർക്കാർ സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടി എന്നും, ഈ കാലയളവിൽ എത്ര പേർ മരണപ്പെട്ടു എന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) സാധാരണ ഡെങ്കിപ്പനിയിൽ നിന്നും മാറി സംസ്ഥാനത്ത് പലയിടത്തും മാരകമായ ഹെമറേജിക് ഡെങ്കിയും, ഷോക്ക് സിൻഡ്രോമും പെരുകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഡെങ്കിപ്പനി ചികിത്സയിൽ സംസ്ഥാനത്തെ പല സ്വകാര്യ ആശുപത്രികളിലെയും അവിദഗ്ധ ചികിത്സ രോഗികളെ മരണത്തിലേക്ക് തള്ളി വിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർക്ക് മെഡിക്കൽ കോളേജുകളിലെ അധ്യാപകരെ ഉപയോഗിച്ച് ഡെങ്കി ചികിത്സയിൽ പരിശീലനം തുടങ്ങാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ;

(ഇ) സംസ്ഥാനത്ത് ഡെങ്കിപ്പനി പടർന്നു പിടിച്ച സാഹര്യത്തിൽ ഇതിലേയ്ക്കായി എന്ത് തുക മാറ്റി വച്ചിട്ടുണ്ട് എന്നും; മാറ്റി വച്ച തുക വളരെ അപര്യാപ്തമാണെന്ന വ്യാപക ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) ഡെങ്കി രോഗത്തിന്റെ ആവർത്തന–വ്യാപന സ്വഭാവങ്ങൾ പരിഗണിച്ച് ദീർഘകാലാടിസ്ഥാനത്തിലുള്ള പ്രതിരോധ നടപടികൾ ഇനിയെങ്കിലും ആസൂത്രണം ചെയ്യാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ഡെങ്കിപ്പനിയും പ്രതിരോധനടപടികളും</u>

686 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതേവരെ ഡെങ്കിപ്പനി ബാധിച്ചിട്ടുളള രോഗികളുടെ എണ്ണമെത്രയാണെന്ന് ജില്ല തിരിച്ച് പറയാമോ;

(ബി) കഴിഞ്ഞ രണ്ട് വർഷങ്ങൾക്കുളളിൽ ഇതേവരെ ഡെങ്കിപ്പനി ബാധിച്ച് എത്രപേർ മരിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചു പറയാമോ;

(സി) സംസ്ഥാനത്ത് വ്യാപകമായി ഡെങ്കിപ്പനി പകരുവാൻ സാധ്യതയുണ്ടെന്ന് ഈ സർക്കാരിന് റിപ്പോർട്ട് ചെയ്യപ്പെട്ടതെന്നാണെന്നും അതിന്റെ വിശദാംശങ്ങളും പറയാമോ;

(ഡി) പ്രസ്തുത റിപ്പോർട്ട് ലഭിച്ചശേഷം സ്വീകരിച്ച പ്രതിരോധ നടപടികൾ എന്തൊക്കെയാണെന്ന് പറയാമോ;

(ഇ) നിശ്ചിത സമയത്തിനുളളിൽ പ്രതിരോധ നടപടികൾ സ്വീകരിക്കാത്തതിനാൽ ഡെങ്കിപ്പനി കൂടുതൽ വ്യാപിക്കുവാനും കൂടുതൽ രോഗികൾ മരിക്കുവാനും സാഹചര്യമായതിനെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുവാൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 12.06.2013-ലെ മറുപടിക്ക്

108 ആബുലൻസിന്റെ സേവനം

687 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ മികച്ച രീതിയിൽ പ്രവർത്തനം നടപ്പിലാക്കിയ 108 ആംബുലൻസിന്റെ സേവനം എല്ലാ ജില്ലയിലും ഈ സർക്കാർ നടപ്പിലാക്കിയോ;

(ബി) ഇതുവരെ എത്രപേരുടെ ജീവൻ 108 ആംബുലൻസ് സേവനം വഴി രക്ഷിച്ചു;

(സി) വാഹനാപകടങ്ങളിൽ പരിക്കേറ്റവർ, ഹൃദയ സംബന്ധമായ അസുഖമുള്ളവർ, ശ്വാസതടസ്സം അനുഭവപ്പെട്ടവർ, പ്രസവത്തിന് അടിയന്തിര ചികിൽസ ലഭിക്കേണ്ടവർ എന്നിങ്ങനെ എത്ര പേർക്ക് ഇതിന്റെ സേവനം ഇതു വരെ ലഭിച്ചുവെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ;

(ഡി) നിലവിൽ എത്ര 108 ആംബുലൻസുകളാണ് പ്രവർത്തിക്കുന്നത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഇ) ഇതിന്റെ പ്രതിമാസ നടത്തിപ്പിന് എന്തു തുക ചെലവാക്കുന്നു; ഇതിന് സംസ്ഥാന ബജറ്റിൽ ഈ നടപ്പു വർഷം എന്ത് തുക മാറ്റി വച്ചിട്ടുണ്ട്; കേന്ദ്ര സഹായം ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(എഫ്) 108 ആംബുലൻസിന്റെ അറ്റകുറ്റപ്പണികൾ യഥാസമയം നിർവ്വഹിക്കാത്തതിനാൽ പ്രസ്തുത സർവ്വീസ് ഇപ്പോൾ ഭംഗിയായി നടക്കുന്നില്ലായെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) 108 ആംബുലൻസ് പ്രവർത്തിപ്പിക്കുവാൻ എത്ര ജീവനക്കാർ വേണ്ടതുണ്ട്; നിലവിൽ എത്ര പേർ ഉണ്ട്; ഇവരുടെ സേവന-വേതന വ്യവസ്ഥകൾ നിലവിൽ എന്തെന്നും ഇതിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>പനി പ്രതിരോധത്തിന് മാനേജ്മെന്റ് സെൽ</u>

688 ശ്രീ.കെ.അച്ചുതൻ
,, വി. റ്റി. ബൽറാം
,, പി. എ. മാധവൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പനി പ്രതിരോധത്തിന് മാനേജ്മെന്റ് സെൽ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് എന്ന് വിശദമാക്കുമോ;

(ഡി) വാർഡുതലത്തിൽ പ്രതിരോധ പ്രവർത്തനം നടത്താൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>പനി ബാധിച്ച് മരണപ്പെട്ടവരുടെ കണക്ക്</u>

689 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും സ്വകാര്യ ആശുപത്രികളിലുമായി എത്ര പേർ ഡെങ്കിപ്പനി, ചിക്കുൻ ഗുനിയ, എലിപ്പനി, പകർച്ചപ്പനി, മലമ്പനി എന്നിവ ബാധിച്ച് മരണപ്പെട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വിശദമാക്കാമോ ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>സാംക്രമിക രോഗങ്ങളെ പ്രതിരോധിക്കുന്നതിനായി</u>
<u>സ്വീകരിച്ച നടപടികൾ</u>

690 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ ഇപ്പോൾ പടർന്നു പിടിച്ചു കൊണ്ടിരിക്കുന്ന ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയ സാംക്രമിക രോഗങ്ങളെ പ്രതിരോധിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ ;

(ബി) മേൽപ്പറഞ്ഞവയിൽ ഓരോ രോഗവും ബാധിച്ച് വിവിധ സർക്കാർ/സ്വകാര്യ ആശുപത്രികളിൽ ചികിത്സയ്ക്കു വിധേയരായ രോഗികളുടെ എണ്ണം, ആശുപത്രി, രോഗം എന്നിങ്ങനെ ഇനം തിരിച്ചു ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ഡിഫ്തീരിയ രോഗ നിയന്ത്രണം</u>

691

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡിഫ്തീരിയ രോഗ ബാധ സംസ്ഥാനത്ത് വീണ്ടും സ്ഥിരീകരിച്ചിട്ടുണ്ടോ;

(ബി) ഇത് നിയന്ത്രിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് 'ഡിഫ്ത്തീരിയ' നിയന്ത്രണം</u>

692 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഡിഫ്ത്തീരിയ' രോഗം സംസ്ഥാനത്ത് വീണ്ടും കണ്ടെത്തിയതായുള്ള വിവരം സ്ഥിരീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) നിലവിൽ പ്രസ്തുത രോഗത്തിനുള്ള മരുന്ന് സംസ്ഥാനത്ത് ലഭ്യമാണോ;

(ഡി) പ്രസ്തുത രോഗപ്രതിരോധത്തിനും മറ്റുമായി എന്തെങ്കിലും പ്രത്യേക പരിപാടി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ഇ) എങ്കിൽ, വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>പെന്റാവാലന്റ് മരുന്ന് കുത്തിവച്ചതുമൂലം നവജാതശിശുക്കൾ മരിച്ചതായിട്ടുളള ആക്ഷേപം</u>

693 ശ്രീ.ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡിഫ്ത്തിരിയാ, ടെറ്റനസ്, വില്ലൻചുമ ഹെപ്പറ്റൈറ്റിസ് ബി തുടങ്ങിയ രോഗങ്ങൾ തടയാനുളള പെന്റാവാലന്റ് മരുന്ന് കുത്തിവച്ചതുമൂലം നവജാതശിശുക്കൾ മരിച്ചതായിട്ടുളള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം ആരോഗ്യവകുപ്പ് നടത്തിയിട്ടുണ്ടോ എന്നും വിശദാംശം എന്തൊക്കെയാണെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>വൈറസ് രോഗ നിവാരണം</u>

694 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ജനുവരി മുതൽ മെയ് 31 വരെ ചിക്കുൻ ഗുനിയ, എലിപ്പനി, കോളറ, മഞ്ഞപ്പിത്തം, എച്ച്1 എൻ1 കൂടാതെ വിവിധ വൈറസുകളാൽ രോഗബാധിതരായി സർക്കാർ/സ്വകാര്യ ആശുപത്രികളിലെത്തിയവർ എത്ര; ആയതിൽ എത്രപേർ മരണപ്പെട്ടു; ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) ആരോഗ്യവകുപ്പിന്റെ അനാസ്ഥയും സ്വകാര്യമേഖലയിലെ ഡോക്ടർമാരുടെ അവിദഗ്ധ ചികിത്സയുമാണ് ഇത്തരം മരണങ്ങൾ ഉണ്ടാകാൻ കാരണമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) ഇത്തരം വൈറസ് രോഗങ്ങൾ അതിരൂക്ഷമായി വ്യാപിച്ച പശ്ചാത്തലത്തിൽ ഇത് മുൻകൂട്ടിക്കണ്ട് എന്തെല്ലാം പ്രതിരോധ മരുന്നുകൾ നൽകിയിട്ടുണ്ട്; വിശദമാക്കുമോ;

(ഇ) ഇത്തരം രോഗികൾ സർക്കാർ ആശുപത്രികളിലെത്തുമ്പോൾ ഡോക്ടർമാരുടെയും അനുബന്ധ സ്റ്റാഫിന്റെയും അഭാവം പരിശോധിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ ഡോക്ടർമാരുടെയും അനുബന്ധ സ്റ്റാഫിന്റെയും ഒഴിവുകൾ എത്രയെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ജി) സംസ്ഥാനത്ത് വൈറസ് രോഗങ്ങൾ പടർന്ന് പിടിക്കുന്ന സാഹചര്യത്തിൽ ഡ്യൂട്ടിക്ക് കൃത്യമായി ഹാജരാകാത്ത എത്ര ഡോക്ടർമാരും അനുബന്ധ ജീവനക്കാരും ഉണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>മലബാർ ക്യാൻസർ സെന്ററിന്റെ പ്രവർത്തനം</u>

T695 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവൂരിലെ തെങ്ങിലക്കടവിൽ കാൻസർ സെന്റർ സ്ഥാപിക്കുന്നതിനായി സർക്കാരിലേക്ക് വിട്ടുകിട്ടിയ സ്ഥലവും കെട്ടിടവും മലബാർ കാൻസർ സെന്ററിന് ലീസിന് നൽകിയിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) മലബാർ കാൻസർ സെന്റർ പ്രവർത്തിക്കുന്നതിന് തന്നെ പ്രയാസം നേരിടുന്ന സാഹചര്യത്തിൽ ഇത് ഏറ്റെടുക്കാനുള്ള പ്രയാസം അവർ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(സി) മാവൂർ കാൻസർ സെന്റർ കോഴിക്കോട് മെഡിക്കൽ കോളേജിന് കൈമാറാൻ നടപടി സ്വീകരിക്കുമോ;

(ഡി) ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ എം.പി., ഇതു സംബന്ധിച്ച ഒരു യോഗം വിളിച്ചുകൂട്ടാൻ ആവശ്യപ്പെട്ട് മുഖ്യമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) എന്തു നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിൽ കാൻസർ സെന്ററിന്റെ ആവശ്യകത</u>

696 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ കാൻസർ രോഗികളുടെ എണ്ണം കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലപ്പുറം ജില്ലയിലെ കാൻസർ രോഗികൾക്ക് ചികിത്സയ്ക്ക് വേണ്ടി ദൂരെ സ്ഥലങ്ങളിൽ പോകേണ്ടിവരുന്ന അവസ്ഥ ബുദ്ധിമുട്ടുണ്ടാക്കുന്നതായി മനസിലാക്കിയിട്ടുണ്ടോ;

(സി) കാൻസർ രോഗികളുടെ എണ്ണത്തിൽ കഴിഞ്ഞകാലയളവിനെക്കാൾ വർദ്ധനവ് ഉണ്ടായ സ്ഥിതിക്ക് മലപ്പുറത്ത് ഒരു 'കാൻസർ സെന്റർ' തുടങ്ങുന്ന കാര്യം പരിഗണിക്കുമോ;

(ഡി) പാവപ്പെട്ട കാൻസർ രോഗികൾക്ക് സൗജന്യനിരക്കിൽ ചികിത്സ ലഭ്യമാക്കാൻ ശ്രദ്ധിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>പുറക്കാട് ഗ്രാമപഞ്ചായത്തിലെ ക്യാൻസർ രോഗികളുടെ വിവരങ്ങൾ</u>

697 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ പുറക്കാട് ഗ്രാമപഞ്ചായത്തിലെ തോട്ടപ്പള്ളി ഭാഗത്ത് (വാർഡ് 7, 8, 9, 11) ക്യാൻസർ രോഗികൾ എത്രപേരുണ്ടെന്ന് അറിയിക്കാമോ;

(ബി) ഈ പ്രദേശത്ത് ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിക്കുന്നതിനുള്ള കാരണം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ പഠനം നടത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>മണ്ണാര്‍ക്കാട് താലൂക്കിലെ പൊതുജനാരോഗ്യകേന്ദ്രങ്ങള്‍</u>

698 ശ്രീ. ഇ.പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പാലക്കാട് ജില്ലയിലെ മണ്ണാര്‍ക്കാട് താലൂക്കില്‍ ആരോഗ്യ വകുപ്പിനുകീഴില്‍ എത്ര പൊതുജനാരോഗ്യ സ്ഥാപനങ്ങളാണു പ്രവര്‍ത്തിക്കുന്നത് എന്ന് തരംതിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓരോ സ്ഥാപനത്തിലും നിലവിലുള്ള ഡോക്ടര്‍മാരുടെയും പാരാമെഡിക്കല്‍ ജീവനക്കാരുടെയും ഇതര ജീവനക്കാരുടെയും തസ്തികകള്‍ എത്രയാണെന്ന് അറിയിക്കുമോ;

(സി) ഓരോ വിഭാഗത്തിലും എത്ര തസ്തികകള്‍ ഒഴിഞ്ഞുകിടപ്പുണ്ടെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ആദിവാസി മേഖലകളിൽ സിക്കിൾസെൽ രോഗം</u>

699 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആദിവാസി മേഖലകളിൽ എവിടെയെല്ലാമാണ് സിക്കിൾസെൽ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് എന്നറിയിക്കുമോ;

(ബി) ഓരോ പ്രദേശത്തും എത്ര രോഗികളെയാണ് കണ്ടെത്തിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(സി) ഈ രോഗം വന്നവരെ ചികിത്സിക്കുവാനും രോഗം വരാതിരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് ആദിവാസി കോളനികൾ കേന്ദ്രീകരിച്ചു നടത്തിവരുന്നത് എന്ന് അറിയിക്കുമോ;

(ഡി) സിക്കിൾസെൽ രോഗം റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ള ആദിവാസി കോളനികളിൽ ഇത്തരം പ്രവർത്തനങ്ങൾക്കു വേണ്ടി ഇതിനോടകം എത്ര തുക ചെലവഴിച്ചുവെന്നുള്ള കണക്ക് സാമ്പത്തികവർഷം തിരിച്ചു ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

അട്ടപ്പാടിയിലെ ശിശുമരണം സംബന്ധിച്ച റിപ്പോർട്ട്

700 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ആദിവാസികൾ നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിരുന്നോ ; എങ്കിൽ എപ്പോഴാണ് ശ്രദ്ധയിൽപ്പെട്ടത് ; ആയതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് പറയാമോ ;

(ബി) അട്ടപ്പാടി ആദിവാസി മേഖലയിലെ ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് സമഗ്രമായ ഒരു ആരോഗ്യ സർവ്വേ നടത്തിയിട്ടുണ്ടോ ; എങ്കിൽ എന്നാണ് നടത്തിയത് ; കണ്ടെത്തലുകൾ വിശദമാക്കാമോ ;

(സി) അട്ടപ്പാടിയിൽ ശിശുമരണവുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പിന്റെ വിദഗ്ദ്ധ സംഘം അട്ടപ്പാടി സന്ദർശിച്ചിട്ടുണ്ടോ; എങ്കിൽ ആരെല്ലാമായിരുന്നു സംഘാംഗങ്ങൾ, എന്നായിരുന്നു സന്ദർശനം; റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ടിലെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>അട്ടപ്പാടി മേഖലയിലെ മരണസംഖ്യ</u>

701 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ആദിവാസി മേഖലയിൽ വേണ്ടത്ര ചികിത്സയും ഭക്ഷണവും ലഭിക്കാതെ വ്യാപകമായി മരണങ്ങൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) 2013 ജനുവരി മുതൽ മെയ് 31 വരെ ഈ മേഖലയിൽ 50 വയസ്സിന് താഴെയുള്ള എത്രപേർ മരണപ്പെട്ടു എന്നും ഇതിൽ 15 വയസ്സിനു താഴെയും 15നും 40നും, 40നും 50നും ഇടയിലുള്ളവർ എത്രപേർ വീതമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 12.06.2013–ലെ മറുപടിക്ക്

<u>അട്ടപ്പാടിയിലെ ശിശുമരണങ്ങൾ</u>

702 ശ്രീ.ഇ.പി.ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 ജനുവരി മുതൽ 2013 മെയ് 31 വരെ പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ എത്ര ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടുവെന്നു വ്യക്തമാക്കാമോ;

(ബി) എത്ര ഗർഭസ്ഥ ശിശുക്കൾ ഈ മേഖലയിൽ മരണപ്പെട്ടുവെന്നു വ്യക്തമാക്കുമോ;

(സി) പോഷകാഹാരക്കുറവിനെതുടർന്ന് എത്രയാളുകൾ അട്ടപ്പാടി മേഖലയിൽ മരണപ്പെട്ടുവെന്നു അറിയിക്കുമോ;

(ഡി) പോഷകാഹാര ദൗർലഭ്യത്തെതുടർന്നുള്ള അസുഖങ്ങളും മരണങ്ങളും റിപ്പോർട്ട് ചെയ്തതിനെതുടർന്ന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടുവെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 12.06.2013-ലെ മറുപടിക്ക്

<u>അട്ടപ്പാടി മേഖലയിലെ ശിശുമരണങ്ങൾ</u>

703 ശ്രീ.ഇ.പി.ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മേഖലയിലെ ശിശുമരണങ്ങളും, പോഷകാഹാര ക്കുറവു കാരണമുള്ള മരണങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടതിനു ശേഷം പ്രശ്നങ്ങൾ വിലയിരുത്തുന്നതിന് ആരോഗ്യമന്ത്രിയുടെ നേതൃത്വത്തിൽ എത്ര യോഗങ്ങൾ നടക്കുകയുണ്ടായെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ദിവസങ്ങളിൽ എവിടെ വെച്ച് ആരെയെല്ലാം പങ്കെടുപ്പിച്ചുകൊണ്ടാണ് യോഗങ്ങൾ നടത്തിയതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത യോഗങ്ങളുടെ മിനുട്ട്സിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത യോഗതീരുമാനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുവാൻ എന്തു നടപടികളാണു സ്വീകരിച്ചത് എന്നറിയിക്കുമോ;

(ഇ) ഇത് സംബന്ധിച്ച് ആരോഗ്യ വകുപ്പു നടത്തിയ തനതു പ്രവർത്തനങ്ങളുടെ റിപ്പോർട്ട് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>സ്വകാര്യ ആശുപത്രികളുടെ പ്രവര്‍ത്തനം പരിശോധിക്കുന്നതിന് നിയമ നിര്‍മ്മാണം</u>

704 ശ്രീ. ബി. സത്യന്‍
'' രാജു എബ്രഹാം
'' എ. എം. ആരിഫ്
'' കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കഴക്കൂട്ടത്തെ ഒരു സ്വകാര്യ ആശുപത്രിയില്‍ നവജാത ശിശുക്കള്‍ മരിക്കാനിടയായതിന്റെ കാരണത്തെക്കുറിച്ച് ജില്ലാ മെഡിക്കല്‍ ഓഫീസര്‍ നല്‍കിയ റിപ്പോര്‍ട്ടിലെ വിവരങ്ങള്‍ അറിയിക്കാമോ; പകര്‍പ്പ് ലഭ്യമാക്കുമോ;

(ബി) റിപ്പോര്‍ട്ടിന്റെ അടിസ്ഥാനത്തില്‍ ആശുപത്രി അധികൃതര്‍ക്കെതിരെ സ്വീകരിച്ച നടപടികള്‍ വ്യക്തമാക്കുമോ;

(സി) ഈ പശ്ചാത്തലത്തില്‍ സ്വകാര്യ ആശുപത്രികളുടെ പ്രവര്‍ത്തനം പരിശോധിക്കാന്‍ നിയമനിര്‍മ്മാണം നടത്തുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ശിശുമരണം സംബന്ധിച്ച ഉദ്യോഗസ്ഥതല വിലയിരുത്തൽ</u>

705 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ആദിവാസി മേഖലയിലെ ശിശുമരണങ്ങളെയും പോഷകാഹാരകുറവു കാരണമുണ്ടായ രോഗങ്ങളെയും സംബന്ധിച്ച് വിലയിരുത്തുവാൻ ഏതെങ്കിലും ഉദ്യോഗസ്ഥതല സംഘത്തെ ചുമതലപ്പെടുത്തുകയുണ്ടായോ എന്നറിയിക്കുമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥതല സംഘത്തിൽ ആരെല്ലാമാണ് ഉൾപ്പെട്ടിരിക്കുന്നത്;

(സി) പ്രസ്തുത ഉദ്യോഗസ്ഥതല സംഘം റിപ്പോർട്ട് നൽകുകയുണ്ടായോ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത റിപ്പോർട്ടിൻമേൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

നൂറനാട് ലെപ്രസി സാനിട്ടോറിയത്തിന്റെ ഭൂമി ഐ.റ്റി.ബി.പി യ്ക്ക് കൊടുക്കുന്നത്

T706 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നൂറനാട് ലെപ്രസി സാനിട്ടോറിയത്തിന്റെ ഭൂമി ഐ.റ്റി.ബി.പി യ്ക്ക് കൊടുക്കുവാനുള്ള തീരുമാനം അടിയന്തിരമായി പിൻവലിക്കുമോ;

(ബി) പ്രസ്തുത സ്ഥലം ആരോഗ്യ വകുപ്പിനു കീഴിൽത്തന്നെ നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ആരോഗ്യ വകുപ്പിന്റെ ബൃഹത് പദ്ധതികൾ ആരംഭിക്കുവാൻ കഴിയുന്ന ഭൂമിയാണിതെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഭാവിയിൽ മെഡിക്കൽ കോളേജ് തന്നെ ആരംഭിക്കുവാൻ കഴിയുന്ന സ്ഥലമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>പൊന്നാനിയിലെ രോഗപ്രതിരോധ പ്രവർത്തനങ്ങൾ</u>

707 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനിയിൽ പ്രവർത്തിച്ചിരുന്ന "വെക്ടർ കൺട്രോൾ യൂണിറ്റ്" നിർത്തലാക്കിയതുമൂലം രോഗപ്രതിരോധ രംഗത്ത് ഏറെ പ്രയാസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മന്ത് രോഗം വളരെ കൂടുതലാവുകയും, പൊന്നാനി 'ഹോട്ട് സ്പോട്ടായി' വിലയിരുത്തപ്പെടുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആവശ്യത്തിന് ഫീൽഡ് വർക്കർ തസ്തിക ഇല്ലാത്തതിനാൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ എങ്ങുമെത്താതെ പോകുന്നതായി ശ്രദ്ധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ കൂടുതൽ ഫീൽഡ് വർക്കർ തസ്തിക സൃഷ്ടിച്ച് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>കൊട്ടാരക്കര താലൂക്ക് ആശുപത്രി</u>

708 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രി ആയി ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(ബി) താലൂക്ക് ആശുപത്രിയിൽ നിർമ്മാണം പൂർത്തീകരിച്ച ട്രോമാകെയർ ബ്ലോക്ക്, ആധുനിക ലബോറട്ടറി സമുച്ചയം എന്നിവ പ്രവർത്തനക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>കോഴിക്കോട് മെഡിക്കൽ കോളേജിനുള്ള കേന്ദ്ര സഹായം</u>

709 ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ അത്യാഹിത വിഭാഗവും ഓപ്പറേഷൻ തിയേറ്ററുകളും ഉൾപ്പെടുന്ന കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാർ എന്ത് തുകയാണ് അനുവദിച്ചത്;

(ബി) തുക അനുവദിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) തുക ചെലവഴിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>ചെറൂപ്പയിലെ ഹെൽത്ത് സെന്റർ</u>

710 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ചെറൂപ്പയിലെ ഹെൽത്ത് സെന്ററിന്റെ ഭരണം കോഴിക്കോട് മെഡിക്കൽ കോളേജ് ഏറ്റെടുക്കണമെന്ന് ചേന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് മെഡിക്കൽ കോളേജിൽ ഗ്യാസ്ട്രോ സർജിക്കൽ ഗ്യാസ്ട്രോ എന്റോളജി വിഭാഗങ്ങൾ</u>

711 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ ഗ്യാസ്ട്രോ എന്റോളജി, സർജിക്കൽ ഗ്യാസ്ട്രോ എന്റോളജി എന്നീ വിഭാഗങ്ങൾ എപ്പോഴാണ് പ്രവർത്തനം തുടങ്ങിയത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ വിഭാഗങ്ങളിൽ ഓരോന്നിലും അസി. പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നിവരുടെ എത്ര തസ്തികകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) 2005 ന് മുൻപ് കോഴിക്കോട് മെഡിക്കൽ കോളേജിൽ അസോസിയേറ്റ് പ്രൊഫസറുടെ തസ്തിക നിലവിലുണ്ടായിരുന്നോ;

(ഡി) ഈ തസ്തിക മറ്റേതെങ്കിലും വിഭാഗത്തിലേക്കോ മെഡിക്കൽ കോളേജിലേക്കോ മാറ്റിക്കൊണ്ട് ഉത്തരവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ, ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഇ) ഇല്ലെങ്കിൽ പ്രസ്തുത തസ്തിക പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>പയ്യന്നൂർ താലൂക്ക് ആശുപത്രിയിലെ പുതിയ കെട്ടിടം</u>

712 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ എൻ.ആർ.എച്ച്.എം. പദ്ധതി പ്രകാരം നിർമ്മിച്ചുവരുന്ന പുതിയ കെട്ടിടത്തിന്റെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടം പണി പൂർത്തീകരിച്ച് എപ്പോൾ ഉപയോഗപ്രദമാക്കാമെന്ന് അറിയിക്കാമോ?

## കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>അങ്കമാലി സാമൂഹിക ആരോഗ്യകേന്ദ്രത്തിൽ അടിസ്ഥാന സൗകര്യങ്ങൾ</u>

713 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി സാമൂഹികാരോഗ്യകേന്ദ്രത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുവാനുമുള്ള പ്രൊപ്പോസലിൽ നടപടികൾ സ്വീകരിക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ;

(ബി) അങ്കമാലി നഗരത്തിൽ സ്ഥിതിചെയ്യുന്ന ഈ ആശുപത്രിയുടെ സാധ്യതകൾ കണക്കിലെടുത്ത് താലൂക്ക് ആശുപത്രി എന്ന രീതിയിൽ എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>കാലടി സാമൂഹ്യ ആരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം</u>

714

ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അങ്കമാലി നിയോജക മണ്ഡലത്തിലെ കാലടി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ ദിനംപ്രതിയെത്തുന്ന ആയിരക്കണക്കിന് രോഗികളുടെ കഷ്ടപ്പാടുകൾ കണക്കിലെടുത്ത് 3 അസിസ്റ്റന്റ് സർജൻമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനായുള്ള പ്രൊപ്പോസലിൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>നാദാപുരം നിയോജക മണ്ഡലത്തിലെ കമ്മ്യൂണിറ്റി സെന്ററുകളും പി.എച്ച്.സി.കളും</u>

715

ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജക മണ്ഡലത്തിൽ എത്ര കമ്മ്യൂണിറ്റി സെന്ററുകളും പി.എച്ച്.സി.കളും ഉണ്ടെന്നും ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള കണക്കും ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ഏതൊക്കെ തസ്തികകളിലാണ് ജീവനക്കാരുടെ ഒഴിവുള്ളത് എന്ന് സ്ഥാപനത്തിന്റെ പേര് സഹിതം അറിയിക്കുമോ;

(സി) ഒഴിവുള്ള തസ്തികയിൽ നിയമനം നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 12.06.2013–ലെ മറുപടിക്ക്

<u>കടുത്തുരുത്തി പി.എച്ച്.സി – സി.എച്ച്.സി. യാക്കുന്നതിനുള്ള നടപടികൾ</u>

716 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി പി.എച്ച്.സി. സി.എച്ച്.സി. യാക്കുന്നതിനു വേണ്ടി നൽകിയിരുന്ന നിവേദനത്തിൽ എന്തൊക്കെ തുടർനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) കടുത്തുരുത്തി പി.എച്ച്.സി. സി.എച്ച്.സി. യാക്കുന്നതു സംബന്ധിച്ച് ഇപ്പോൾ ഫയൽ നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ നമ്പർ ലഭ്യമാക്കാമോ;

(സി) ഇതു സംബന്ധിച്ച് എം.എൽ.എ. എന്ന നിലയിൽ മന്ത്രിക്ക് നൽകിയിരുന്ന നിവേദനത്തിന്റെ മന്ത്രിയുടെ ഓഫീസിലെ പെറ്റീഷൻ നമ്പർ ലഭ്യമാക്കാമോ;

(ഡി) കടുത്തുരുത്തി പി.എച്ച്.സി. സി.എച്ച്.സി. ആക്കുന്നതിന് പ്രധാന തടസ്സങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

### കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ 'ട്രോമാകെയർ' യൂണിറ്റ്

717 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ 'ട്രോമാകെയർ' യൂണിറ്റ് സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ആരോഗ്യവകുപ്പിൽ നിന്ന് ട്രോമാകെയർ യൂണിറ്റ് സ്ഥാപിക്കുന്നതിന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>ഫാർമസിസ്റ്റ് തസ്തിക ഇല്ലാത്ത ആയുർവേദ ഡിസ്പെൻസറി</u>

718

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഫാർമസിസ്റ്റ് തസ്തിക ഇല്ലാത്ത എത്ര ആയുർവേദ ഡിസ്പെൻസറികൾ ഉണ്ട്; അവ ഏതൊക്കെ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഡിസ്പെൻസറികളിൽ മരുന്നു വിതരണം ചെയ്യുന്നത് ആരാണെന്നും ഇവരുടെ യോഗ്യത എന്താണെന്നും വ്യക്തമാക്കുമോ;

(സി) ഈ ഡിസ്പെൻസറികളിൽ ഫാർമസിസ്റ്റ് തസ്തിക അനുവദിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>ഒറ്റപ്പാലം താലൂക്ക് ആശുപത്രി</u>

719 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ 01.04.2012 മുതൽ 31.03.2013 വരെ ദിനംപ്രതി എത്രപേർ ചികിത്സ തേടിയെന്ന വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ അവിടെ രോഗികൾക്ക് വിതരണം ചെയ്ത മരുന്നുകളുടെയും അവയുടെ വിലയുടെയും വിശദാംശങ്ങൾ നൽകാമോ;

(സി) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ വിവിധ വിഭാഗങ്ങളിൽ നിലവിലുള്ള തസ്തികകളുടെ വിശദാംശം ലഭ്യമാക്കാമോ; എത്ര ഒഴിവുകൾ ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ആശുപത്രിയിൽ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

**കായംകുളം താലൂക്കാശുപത്രിയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള പകർച്ച വ്യാധികളുടെ എണ്ണം**

720 ശ്രീ.സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്കാശുപത്രിയിൽ 2010-2011, 2011-2012, 2012-2013 വർഷങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള പകർച്ചവ്യാധികളുടെ എണ്ണം ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) 2012 മാർച്ച് മുതൽ 2013 മെയ് വരെ ഓരോ മാസവും ഒ. പി. യിൽ എത്തിയ രോഗികളുടെ എണ്ണവും ഐ. പി. യിൽ ഉണ്ടായിരുന്ന രോഗികളുടെ എണ്ണവും എത്രയെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

കല്‍പ്പറ്റ നിയോജക മണ്ഡലത്തിലെ മുപ്പൈനാട് പി.എച്ച്.സി. യുടെ പ്രവര്‍ത്തനം

721 ശ്രീ. എം.വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കല്‍പ്പറ്റ നിയോജക മണ്ഡലത്തിലെ മുപ്പൈനാട് പി.എച്ച്.സി. യുടെ പ്രവര്‍ത്തനം ആരംഭിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) ഇതിനാവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ എന്നും എത്ര തസ്തികകള്‍ സൃഷ്ടിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) മുപ്പൈനാട് പി.എച്ച്.സി. യുടെ പ്രവര്‍ത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 12.06.2013-ലെ മറുപടിക്ക്

## വെയർഹൗസ് നിർമ്മാണം

722 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ നെടുങ്ങോലം രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വെയർഹൗസ് നിർമ്മിക്കുന്നതിലേക്ക് എത്ര രൂപയാണ് അനുവദിച്ചതെന്നും നിർമ്മാണ നടപടികളുടെ പുരോഗതി എന്താണെന്നും അറിയിക്കുമോ;

(ബി) വെയർഹൗസ് നിർമ്മാണത്തിലേക്ക് തുക അനുവദിച്ചിരുന്നുവെങ്കിലും നാളിതുവരെ തുടർപ്രവർത്തനങ്ങൾ ഒന്നുംതന്നെ ആരംഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സാങ്കേതിക കാരണങ്ങൾ ചൂണ്ടിക്കാട്ടി നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ കാലതാമസം വരുത്താതെ എത്രയും പെട്ടെന്ന് വെയർഹൗസ് നിർമ്മാണം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>കോഴിക്കോട് മെഡിക്കൽ കോളേജിൽ എം. ബി. ബി. എസ്. സീറ്റുകൾ നഷ്ടപ്പെടൽ</u>

723 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ 50 എം.ബി.ബി.എസ്. സീറ്റുകൾ നഷ്ടപ്പെടാനിടയുണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>സർക്കാർ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ</u>

724

ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ നിലനിൽക്കുന്ന സ്റ്റാഫ് പാറ്റേണിന് ഏതു വർഷമാണ് രൂപം നൽകിയത്;

(ബി) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്റ്റാഫ് പാറ്റേൺ പരിഷ്കരണത്തിനായി കൈക്കൊളളുന്ന നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

ഡോക്ടർമാരുടെ ഒഴിവുകൾ നികത്താത്തതിന്റെ പ്രശ്നം

725 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സർക്കാർ ആശുപത്രികളിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകൾ നികത്താനുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ എന്നും മഴക്കാലത്തിനു മുമ്പ് ഒഴിവുകൾ നികത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ എന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

കുറുവിലങ്ങാട് താലൂക്ക് ആശുപത്രിയിലെ പോസ്റ്റ് ക്രിയേഷൻ

726 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറുവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് വേണ്ട പോസ്റ്റ് ക്രിയേഷനുമായി ബന്ധപ്പെട്ട് ഫയൽ നമ്പർ - M1/13344/2013-ൽ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പോസ്റ്റ് ക്രിയേഷനുവേണ്ടി ഡി.എച്ച്.എസ്.ൽ നിന്നുള്ള റിപ്പോർട്ട് ലഭ്യമായോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പോസ്റ്റ് ക്രിയേഷനുവേണ്ടി കോട്ടയം ഡി.എം.ഒ. യിൽ നിന്നുള്ള റിപ്പോർട്ട് ലഭിച്ചോ; എങ്കിൽ എന്നു ലഭിച്ചു എന്നും ഇതിന്മേൽ സ്വീകരിച്ച നടപടി എന്തെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

പുതിയ ഫാർമസിസ്റ്റ് തസ്തികകൾ

727 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫാർമസിസ്റ്റുകളുടെ 324 തസ്തികകൾ പുതിയതായി വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ ഫയൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഭൂരിപക്ഷം പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന താലൂക്ക് ആശുപത്രികളിലും രാത്രി ഡ്യൂട്ടിക്കും മറ്റും നിലവിൽ ഫാർമസിസ്റ്റുകൾ ഇല്ലാത്തതുമൂലം നേഴ്സുമാരോ നേഴ്സിംഗ് അസിസ്റ്റന്റുമാരോ മരുന്നുകൾ വിതരണം ചെയ്യുന്ന സാഹചര്യം നിലവിലുണ്ടോ;

(സി) പുതിയ ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട ഫയലിന്റെ നിലവിലുള്ള സ്ഥിതിയുടെ വിശദാംശങ്ങൾ എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഡി) അടിയന്തിരമായി ഈ തസ്തികകൾ സൃഷ്ടിക്കുന്നതിന് ആവശ്യമായ നടപടി ഉണ്ടാകുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>മൈക്രോ ബയോളജിസ്റ്റ് തസ്തികകൾ</u>

728 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിന്റെ കീഴിൽ എത്ര മൈക്രോ ബയോളജിസ്റ്റ് തസ്തികകൾ നിലവിലുണ്ട്; അവ ഏതൊക്കെ ഓഫീസുകളുടെ കീഴിലാണ്;

(ബി) പ്രസ്തുത തസ്തികയിലെ ജോലിയുടെ സ്വഭാവം എന്തൊക്കെയാണ്;

(സി) ഭക്ഷണപദാർത്ഥങ്ങളിലെയും വെള്ളത്തിലെയും സൂക്ഷ്മാണു പരിശോധന നടത്തുന്നതിന് നിലവിലുള്ള തസ്തിക പര്യാപ്തമാണോ;

(ഡി) അല്ലെങ്കിൽ മൈക്രോബയോളജിസ്റ്റ് തസ്തിക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) മൈക്രോ ബയോളജിസ്റ്റ് തസ്തികയുടെ പേര് മാറ്റുന്നതിനോ യോഗ്യതാ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിനോ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>അരോഗ്യവകുപ്പിലെ വർക്കിംഗ് അറേഞ്ച്മെന്റ് നിയമനം</u>

729 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ വർക്കിംഗ് അറേഞ്ച്മെന്റ് നിയമനത്തിന് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നിർദ്ദേശത്തിനുശേഷം എത്ര ജീവനക്കാർക്ക് വർക്കിംഗ് അറേഞ്ച്മെന്റ് നീട്ടി നൽകുകയോ പുതുതായി നൽകുകയോ ചെയ്തിട്ടുണ്ട്; തസ്തിക തിരിച്ച് വിശദാംശം നൽകുമോ;

(സി) വർക്കിംഗ് അറേഞ്ച്മെന്റ് നൽകുന്നതിലെ അഴിമതി സംബന്ധിച്ച് വിവിധ മാധ്യമങ്ങളിൽ വന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത് ; വിശദാംശം നൽകുമോ ?

## കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>വര്‍ക്കിംഗ് അറേഞ്ച്മെന്‍റ് സ്ഥലം മാറ്റങ്ങള്‍</u>

730 ശ്രീ.ജെയിംസ് മാത്യു
ശ്രീ.പുരുഷന്‍ കടലുണ്ടി
ശ്രീ.കെ. വി. വിജയദാസ്
ശ്രീ.എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആരോഗ്യ വകുപ്പില്‍ വകുപ്പ് സെക്രട്ടറി അറിയാതെ വര്‍ക്കിംഗ് അറേഞ്ച്മെന്‍റ് എന്ന പേരില്‍ എത്ര താല്‍ക്കാലിക സ്ഥലം മാറ്റങ്ങള്‍ ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം അനുവദിച്ചു;

(ബി) 2012 സെപ്റ്റംബറിനുശേഷം റദ്ദാക്കിയ വര്‍ക്കിംഗ് അറേഞ്ചുമെന്‍റ് സ്ഥലംമാറ്റങ്ങള്‍ എത്ര;

(സി) ചട്ടവിരുദ്ധ സ്ഥലം മാറ്റത്തെക്കുറിച്ച് ആരോഗ്യവകുപ്പ് സെക്രട്ടറിക്ക് ഡയറക്ടര്‍ നല്‍കിയ റിപ്പോര്‍ട്ടിന്‍റെ പകര്‍പ്പ് ലഭ്യമാക്കാമോ; നിരവധി സ്ഥലംമാറ്റങ്ങളില്‍ മന്ത്രിയുടെ ഓഫീസ് ഇടപെട്ടതായി പരാമര്‍ശമുണ്ടോ;

(ഡി) റിപ്പോര്‍ട്ടില്‍ കുറ്റക്കാരെന്ന് പരാമര്‍ശിച്ചിട്ടുളളവര്‍ക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

കാര്‍ഡിയോ തൊറാസിക് പ്രൊഫസര്‍മാരുടെ പേരിലുള്ള അച്ചടക്ക നടപടി

731 ശ്രീ.കോവൂര്‍ കുഞ്ഞുമോന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മെഡിക്കല്‍ കോളേജുകളിലെ കാര്‍ഡിയോ തൊറാസിക് സര്‍ജറി വിഭാഗത്തിലെ പ്രൊഫസര്‍മാരുടെ എണ്ണം എത്ര;

(ബി) ഇവരില്‍ ആരൊക്കെ ഏതൊക്കെ മെഡിക്കല്‍ കോളേജുകളില്‍ ജോലി ചെയ്യുന്നു;

(സി) ഇപ്പോള്‍ ഏതെങ്കിലും തസ്തികയില്‍ പ്രൊഫസറായി തുടരുന്ന ആരുടെയെങ്കിലും പേരില്‍ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതിന് നടപടി ആരംഭിക്കുകയും നോട്ടീസ് നല്‍കുകയും ചെയ്തിട്ടുണ്ടോ; എങ്കില്‍ ആര്‍ക്കൊക്കെ;

(ഡി) അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതിനാല്‍ നടപടിക്ക് വിധേയരായ ഡോക്ടര്‍മാര്‍ക്ക് പ്രസ്തുത കാലയളവ് റഗുലറൈസ് ചെയ്ത് പ്രമോഷന്‍ നല്‍കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ബന്ധപ്പെട്ട ഉത്തരവുകളുടെ പകര്‍പ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

ആലപ്പുഴ ജില്ലയിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ നിയമനം

732 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. തയ്യാറാക്കിയ ആലപ്പുഴ ജില്ലയിലെ ആരോഗ്യവകുപ്പിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ ലിസ്റ്റിൽ നിന്നും എത്രപേരെ ഇതിനോടകം നിയമിച്ചുവെന്ന് പറയാമോ; ഈ ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത് എന്ന് പറയാമോ;

(ബി) ആലപ്പുഴ ജില്ലയിലെ ജെ.പി.എച്ച്.എൻ ലിസ്റ്റിൽ നിന്നും ഇനിയും എത്രപേരെകൂടി നിയമിക്കുമെന്ന് പറയാമോ; ജെ.പി.എച്ച്.എൻ നിയമനം വൈകുന്നത് എന്തുകൊണ്ടാണെന്ന് പറയാമോ; എൻ.ആർ.എച്ച്.എം. വഴി നടക്കുന്ന നിയമനങ്ങളിലേയ്ക്കും പി.എസ്.സി. ലിസ്റ്റിൽ നിന്നാണോ നിയമനം എന്നു പറയാമോ;

(സി) ജനസംഖ്യാനുപാതികമായി ആലപ്പുഴ ജില്ലയിൽ എത്ര ജെ.പി.എച്ച്.എൻ മാർ ആവശ്യമുണ്ടെന്ന് പറയാമോ;

(ഡി) പോസ്റ്റ് ക്രിയേഷൻ സർക്കാർ പ്രഖ്യാപിച്ചിരുന്നിട്ടും ഇനിയും അപ്രകാരം നടപ്പിലാക്കാത്തത് എന്തുകൊണ്ടാണെന്ന് പറയാമോ; നിലവിലുള്ള ഒഴിവുകൾ കണ്ടെത്തിയും ആവശ്യമായ പോസ്റ്റുകൾ സൃഷ്ടിച്ചും കാലാവധിതീരാറായ ജെ.പി.എച്ച്.എൻ. റാങ്ക് ലിസ്റ്റിൽ നിന്നും മുഴുവൻ പേരെയും നിമിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ആരോഗ്യവകുപ്പിൽ നിന്നും സസ്പെന്റ് ചെയ്യപ്പെട്ട ജീവനക്കാർ</u>

733 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ അനിശ്ചിതകാല പണിമുടക്കിനോടനുബന്ധിച്ച് ആരോഗ്യവകുപ്പിൽ നിന്നും എത്ര ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുണ്ടെന്നും അവരിൽ എത്ര പേരെ സസ്പെൻഷൻ പിൻവലിച്ച് തിരികെ ജോലിയിൽ പ്രവേശിപ്പിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) സസ്പെൻഷൻ പിൻവലിച്ച് ജോലിയിൽ പ്രവേശിപ്പിക്കാത്തവരുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത ജീവനക്കാരുടെ സസ്പെൻഷൻ പിൻവലിക്കാതിരിക്കാനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

അട്ടപ്പാടി മേഖലയിലെ ആശുപത്രികളിലെ പുതിയ തസ്തികകളുടെ വിശദാംശം

734 ശ്രീ.വി.ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മേഖലയിലെ ആശുപത്രികളിൽ നിലവിൽ അനുവദിച്ച തസ്തികകൾ ഏതെല്ലാം; എത്ര വീതം; ആയതിൽ ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു;

(ബി) 2013 ജനുവരി മുതൽ ഏപ്രിൽ അവസാനം വരെ ഒഴിഞ്ഞു കിടന്ന തസ്തികകൾ ഏതൊക്കെ; വിശദമാക്കുമോ;

(സി) ശിശുമരണങ്ങളെത്തുടർന്ന്, ഡോക്ടർ ഇക്ബാലിന്റെ നേതൃത്വത്തിലുള്ള സംഘം നേരിട്ട് സ്ഥലം സന്ദർശിച്ച് സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിനെ തുടർന്ന് പ്രഖ്യാപിച്ച ആരോഗ്യ പാക്കേജിന്റെ ഭാഗമായി കോട്ടത്തറ, അഗളി, പുത്തൂർ ഗവൺമെന്റ് ആശുപത്രികളിൽ ഏതെല്ലാം തസ്തികകൾ പുതുതായി അനുവദിച്ചു; എത്ര വീതം; വിശദമാക്കുമോ;

(ഡി) അനുവദിച്ച തസ്തികകളിലെല്ലാം നിയമന ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായോ; എങ്കിൽ അവരെല്ലാം ജോലിയിൽ പ്രവേശിച്ചിട്ടുണ്ടോയെന്നറിയിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

റാന്നി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ

735 ശ്രീ.രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നി ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള തസ്തികകൾ ഏതൊക്കെ എന്നും, ഈ തസ്തികകളിൽ ജോലി ചെയ്യുന്നവർ ആരൊക്കെ എന്നും വ്യക്തമാക്കാമോ;

(ബി) ആശുപത്രിയിലേക്ക് അനുവദിക്കപ്പെട്ടിട്ടുള്ളതിൽ ഡോക്ടർമാരുടെ ഏതൊക്കെ തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത് എന്നും ഇങ്ങനെ ഒഴിഞ്ഞു കിട ക്കാൻ കാരണം എന്തെന്നും വിശദമാക്കാമോ;

(സി) താലൂക്കാശുപത്രി നിലവാരത്തിൽ ആശുപത്രി ക ളിൽ വേണ്ട തസ്തികകൾ ഏതൊക്കെ എന്നു വ്യക്തമാ ക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയാക്കി ഉയർത്തിയ പി.എച്ച്.സി.കൾ ഏതൊക്കെയെന്നും ഈ ആശുപത്രികളിൽ ഏതൊക്കെ തസ്തികകളാണ് അനു വദിച്ചിട്ടുള്ളതെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ഇ) ഇതു കൂടാതെ ഈ സർക്കാർ അധികാരമേറ്റ ശേഷം, വിവിധ സർക്കാർ ആശുപത്രികളിലായി അനുവദിച്ചി ട്ടുള്ള തസ്തികകൾ ഏതൊക്കെ എന്ന് ആശുപത്രിക ളുടെ പേരു സഹിതം വ്യക്തമാക്കാമോ;

(എഫ്) റാന്നി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ താലൂക്കാശുപത്രി നിലവാരത്തിൽ തസ്തിക യനുവദിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>അരൂർ മണ്ഡലത്തിലെ ആശുപത്രികളുടെ വികസനം</u>

736

ശ്രീ.എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജകമണ്ഡലത്തിലെ അഗ്രനറ്റി, തൈക്കാട്ടുശ്ശേരി പെരുവലതും സി. എച്ച്. സി.കളിൽ സി. എച്ച് സി പാറ്റേൺ അനുസരിച്ചുള്ള പോസ്റ്റ് ക്രിയേഷൻ നടപടികൾ എവിടെവരെയായി എന്ന് വിശദമാക്കുമോ;

(ബി) തുറവൂർ താലുക്ക് ആശുപത്രിയുടെ പോസ്റ്റ് ക്രിയേഷൻ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) തുറവൂർ താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ അടുത്ത ഘട്ടം നിർമ്മാണ പ്രവർത്തികൾക്കുള്ള പ്രൊപ്പോസലും എസ്റ്റിമേറ്റും എൻ. ആർ. എച്ച്. എം. നൽകിയിട്ടുണ്ടോ എന്നും ആയതിന് അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>കൊയിലാണ്ടി താലൂക്ക് ആശുപത്രി</u>

737 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ സ.ഉ.(സാ)നം. 2690/2012 ആ.കു.വ.തീ.13/8/12 പ്രകാരം ട്രോമാകെയർ സജ്ജമാക്കുന്നതിന് തീരുമാനിച്ചതിൽ എൻ.ആർ. എച്ച്.എം.തലത്തിൽ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നത് വ്യക്തമാക്കാമോ;

(ബി) ഡിസ്ട്രിക്റ്റ് ഇന്നവേറ്റീവ് ഫണ്ട് ഉപയോഗിച്ച് ഇവിടെ ജനറേറ്റർ സ്ഥാപിക്കുന്ന പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങൾ പൂർത്തിയായി എന്നത് വ്യക്തമാക്കാമോ;

(സി) എൻ.ആർ.എച്ച്.എം.പദ്ധതിയിൽ താലൂക്കാശുപത്രിയിൽ ന്യു ബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റ് നിർമ്മിക്കുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ഡി) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ സി.എച്ച്.സി.കളിലും പി.എച്ച്.സി.കളിലും ഉള്ള വിവിധ ഒഴിവുകൾ നികത്തുന്നതിൽ സ്വീകരിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

ധർമ്മടത്തെ ഹെൽത്ത് സെന്ററുകളിലെ ഡോക്ടർമാരുടെ ഒഴിവുകൾ

738 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജക മണ്ഡലത്തിലെ ഏതെല്ലാം സി.എച്ച്.സി., പി.എച്ച്.സി.കളിലാണ് ഡോക്ടർമാരുടെ ഒഴിവുകൾ ഉള്ളത്; വെളിപ്പെടുത്താമോ;

(ബി) ഓരോ സ്ഥലത്തും എത്ര വീതം ഒഴിവുകളാണ് നിലവിലുള്ളത്; പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>നെന്മാറയിലെ സര്‍ക്കാര്‍ ആശുപത്രികളിലെ ഒഴിവുകള്‍</u>

739 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നെന്മാറ മണ്ഡലത്തിലെ സര്‍ക്കാര്‍ ആശുപത്രികളില്‍ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത്; വിശദമാക്കുമോ ;

(ബി) ഈ തസ്തികകള്‍ അടിയന്തിരമായി നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>പുതിയ മെഡിക്കൽ കോളേജുകൾ</u>

740 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ പുതിയ മെഡിക്കൽ കോളേജുകൾ തുടങ്ങുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയൊക്കെ; എന്നത്തേക്ക് പ്രവർത്തനക്ഷമമാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>പുതിയ മെഡിക്കല്‍ കോളേജുകള്‍</u>

741 ശ്രീ.ഡൊമിനിക് പ്രസന്റേഷന്‍
,, വര്‍ക്കല കഹാര്‍
,, വി. പി. സജീന്ദ്രന്‍
,, എം. പി. വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പുതിയ മെഡിക്കല്‍ കോളേജുകള്‍ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) എവിടെയൊക്കെയാണ് തുടങ്ങാനുദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഇവ തുടങ്ങുന്നതിനുളള എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഇതിനുള്ള ധനസമാഹരണം എങ്ങനെയാണ് നടത്തുവാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

തിരുവനന്തപുരത്തെ പുതിയ മെഡിക്കല്‍ കോളേജ്

742 ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവനന്തപുരത്ത് പുതുതായി ആരംഭിക്കുവാനുദ്ദേശിക്കുന്ന മെഡിക്കല്‍ കോളേജിനായി എത്ര കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത് ;

(ബി) ആയതു സംബന്ധിച്ചുള്ള പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കില്‍ വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത മെഡിക്കല്‍ കോളേജില്‍ ഏതൊക്കെ കോഴ്സുകള്‍ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>പുതുതായി ആരംഭിക്കുന്ന മെഡിക്കൽ കോളേജുകൾ</u>

743 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ പുതിയതായി ആരംഭിക്കുവാനുദ്ദേശിക്കുന്ന എല്ലാ മെഡിക്കൽ കോളേജുകളും സർക്കാർ മെഡിക്കൽ കോളേജുകളായിത്തന്നെയാണോ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(ബി) നിലവിൽ സർക്കാർ മെഡിക്കൽ കോളേജുകൾ ഇല്ലാത്ത എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) 'സിയാൽ' മോഡലിൽത്തന്നെയാണോ ആരംഭിക്കുവാനുദ്ദേശിക്കുന്ന മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം നടത്തുവാനുദ്ദേശിക്കുന്നതെന്നുള്ള വിവരം വിശദമാക്കുമോ;

(ഡി) പ്രസ്തുത എല്ലാ കോളേജുകളും ഈ സാമ്പത്തിക വർഷംതന്നെ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസ് സർവ്വകലാശാലയുടെ പ്രവർത്തനം</u>

744 ശ്രീ.എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസ് സർവ്വകലാശാലയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സർവ്വകലാശാലയിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത സർവ്വകലാശാലയുടെ പ്രവർത്തന ലക്ഷ്യം വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

**മെഡിക്കൽ പി. ജി. അഡ്മിഷനിൽ സർവ്വീസിലുളള പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണം**

745 ശ്രീമതി.കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ പി. ജി. അഡ്മിഷനിൽ, സർവ്വീസിലുളള പിന്നോക്ക വിഭാഗ സംവരണം ലഭിക്കേണ്ട വിദ്യാർത്ഥികളായവർക്ക് 2013 ഏപ്രിൽ 19ന് സംസ്ഥാന സർക്കാർ ഇറക്കിയ പ്രോസ്പെക്ടസ് നിർദ്ദേശിച്ച വ്യവസ്ഥകൾ പ്രകാരം അഡ്മിഷൻ ലഭിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) ഇത് സംബന്ധിച്ച് 2013 മെയ് 29ന്റെ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; വ്യക്തമാക്കുമോ;

(സി) മെഡിക്കൽ കോളേജ് സർവ്വീസിൽ തുടക്കക്കാരായ ഡോക്ടർക്ക് 60,000 രൂപയും ഹെൽത്ത് സർവ്വീസിലെ തുടക്കക്കാർക്ക് 40,000 രൂപയും ലഭിക്കുമ്പോൾ വാർഷിക വരുമാനം 4.8 ലക്ഷം വരുമെന്ന സാഹചര്യത്തിൽ, സംവരണാനുകൂല്യം 4.5 ലക്ഷം രൂപ വരെ വാർഷിക വരുമാനമുളളവർക്ക് മാത്രമേ ലഭിക്കുകയുള്ളൂ എന്നതിനാൽ സർവ്വീസിലുളള ഇൻസർവ്വീസ് വിദ്യാർത്ഥികൾക്ക് അവർക്ക് ലഭിക്കുന്ന ശമ്പളത്തിന്റെ പേരിൽ സംവരണം ലഭ്യമാകാതിരിക്കുന്നത് ശരിയായ നടപടിക്രമമാണെന്ന് സർക്കാർ കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ആയതിനാൽ മെഡിക്കൽ പി. ജി.ക്ക് സർവ്വീസിലുളളവർക്ക് സംവരണത്തിന് വരുമാന പരിധി അനാവശ്യമെന്ന ഹൈക്കോടതി ഉത്തരവിൻമേൽ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>മെഡിക്കൽ ഫീസ് വർദ്ധന</u>

746 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തിൽ സംസ്ഥാനത്തെ സർക്കാർ, പ്രൈവറ്റ് മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്., ബി.ഡി.എസ്. കോഴ്സുകൾക്ക് സർക്കാർ, എൻ.ആർ.ഐ. ക്വാട്ടയിലെ ഫീസ് എത്രയായിരുന്നു എന്നും 2013-14 വർഷത്തെ ഫീസ് എത്രയായാണ് നിശ്ചയിച്ചിരിക്കുന്നത് എന്നും വ്യക്തമാക്കുമോ ;

(ബി) ഫീസ് വർദ്ധനയുടെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനം</u>

747 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കും മുൻപ് സർക്കാരുമായി എഗ്രിമെന്റിൽ എത്തിയ സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ, ഡെന്റൽ കോളേജുകളിലെ എം.ബി.ബി.എസ്., ബി.ഡി.എസ്. കോഴ്സുകളുടെ സർക്കാർ അനുമതി നല്കിയ പ്രകാരമുള്ള ഫീസ് നിരക്കുകൾ എത്രയായിരുന്നു;

(ബി) ആയതിൽ സർക്കാരിന് പ്രവേശനം നടത്താവുന്ന സീറ്റുകൾ എത്ര ശതമാനമായിരുന്നു;

(സി) ആയത് ഓരോന്നും ഇപ്പോൾ എത്രയാണ്; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>വിദേശബിരുദമുള്ള ഡോക്ടർമാർ</u>

748 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചൈനയും റഷ്യയും ഉൾപ്പെടെയുള്ള അനേകം വിദേശ രാജ്യങ്ങളിൽ നിന്നും മെഡിക്കൽ ബിരുദം കരസ്ഥമാക്കി കേരളത്തിലെത്തുന്നവരുടെ അംഗസംഖ്യ സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) വിദേശ മെഡിക്കൽ കോളേജുകളുടെ പഠനനിലവാരവും വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരവും പരിശോധിക്കുവാൻ എന്തു മാനദണ്ഡമാണ് നിലവിലുള്ളത്;

(സി) അത്തരം വിദേശബിരുദമുള്ള ഡോക്ടർമാരെ സംസ്ഥാനത്ത് നിയമിക്കുന്നതിന് പ്രത്യേകമായ യോഗ്യതാപരീക്ഷകൾ നടത്താറുണ്ടോ;

(ഡി) ഇപ്പോൾ വിദേശ ബിരുദധാരികളായ പ്രത്യേക ഡോക്ടർമാർ നമ്മുടെ മെഡിക്കൽ സർവ്വീസിൽ ഉണ്ടോ; എങ്കിൽ എത്ര; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>ആശുപത്രിയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ</u>

749 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര അയുർവ്വേദ ആശുപത്രിയിൽ നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളുടെ അതിർത്തി പങ്കിടുന്ന നൂറനാട് ലെപ്രസി സാനട്ടോറിയം ഭൂമിയിൽ മെഡിക്കൽ കോളേജോ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയോ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) നിലവിൽ പ്രസ്തുത സ്ഥലത്ത് ആരോഗ്യ വകുപ്പിന്റെ കീഴിൽ ആരംഭിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ആശുപത്രി വികസന സമിതികളുടെ രൂപീകരണം</u>

750 ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൂജപ്പുര പഞ്ചകര്‍മ്മ ആശുപത്രി, സ്ത്രീകളുടേയും കുട്ടികളുടേയും ആയൂര്‍വ്വേദ ആശുപത്രി എന്നീ സ്ഥാപനങ്ങള്‍ക്ക് വെവ്വേറെ ആശുപത്രി വികസന സമിതികള്‍ രൂപീകരിക്കുന്നതിനെ സംബന്ധിച്ചുള്ള ഫയലിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ആശുപത്രി വികസന സമിതികള്‍ എന്നത്തേക്കു രൂപീകരിക്കാനാവും എന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

അങ്ങാടിപ്പുറം പഞ്ചായത്തിൽ ആയുർവ്വേദ ഡിസ്പെൻസറി

751 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്ങാടിപ്പുറം പഞ്ചായത്തിൽ ആയുർവ്വേദ ഡിസ്പെൻസറി ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിൽ ആയുർവ്വേദ ഡിസ്പെൻസറി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ചിറക്കര പഞ്ചായത്തിലെ ആയുർവ്വേദ ആശുപത്രി</u>

752 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ ചിറക്കര ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ആയുർവ്വേദ ആശുപത്രിയിൽ നിലവിൽ എത്ര ജീവനക്കാർ ഉണ്ടെന്നും ഇവർക്ക് ശമ്പളം നൽകുന്നത് ഏത് ഫണ്ടിൽ നിന്നുമാണെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ പുതിയ തസ്തിക അനുവദിച്ച് സുഗമമായ പ്രവർത്തനം ഉറപ്പ് വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

ആയുർവേദ തെറാപ്പിസ്റ്റുമാരുടെ നിയമനം

753

ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആയൂർവ്വേദ ആശുപത്രികളിൽ വർദ്ധിച്ചുവരുന്ന തിരക്ക് കണക്കിലെടുത്ത് കൂടുതൽ ആയൂർവേദ തെറാപ്പിസ്റ്റുമാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) അടിസ്ഥാന യോഗ്യതയില്ലാത്തവർ തെറാപ്പി ചികിൽസ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മതിയായ യോഗ്യതയുള്ള ആയൂർവേദ തെറാപ്പിസ്റ്റുമാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തെ ആയൂർവ്വേദ ആശുപത്രികളിൽ എത്ര ആയൂർവ്വേദ തെറാപ്പിസ്റ്റുകളുടെ ഒഴിവുകൾ നിലവിലുണ്ട്; ഇവ നികത്തുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

## കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>പുറക്കാട് സിദ്ധ ആശുപത്രി സ്ഥാപിക്കാൻ നടപടി</u>

754 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി അമ്പലപ്പുഴ മണ്ഡലത്തിലെ പുറക്കാട് ഗ്രാമപഞ്ചായത്തിൽ ഒരു സിദ്ധ ആശുപത്രി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) സിദ്ധ ആശുപത്രി ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ നിരോധനം</u>

755 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഗുണനിലവാരമില്ലാത്തത് എന്ന് ഡ്രഗ്സ് കൺട്രോളർ കണ്ടെത്തിയ എത്ര മരുന്നുകൾ സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മരുന്നുകളുടെ വിൽപ്പനയും, വിതരണവും തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്
വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നടപടി</u>

756 ശ്രീ.എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽക്കുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) ഗുണനിലവാരം പരിശോധിക്കുന്നതിന് സ്ക്വാഡുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

മരുന്നുകളുടെ വിപണനവും വിലനിയന്ത്രണവും

757 ശ്രീ. പി. തിലോത്തമൻ
,, കെ. അജിത്
ശ്രീമതി ഗീതാ ഗോപി
ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറഞ്ഞ ചെലവിൽ ഉൽപാദിപ്പിക്കുന്ന മരുന്നുകൾ കൂടിയ വിലയ്ക്ക് മെഡിക്കൽ സ്റ്റോറുകളിൽ വിറ്റഴിച്ചുകൊണ്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മരുന്നുകളുടെ വിപണന രംഗത്ത് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങളുണ്ടോ;

(സി) അവശ്യമരുന്നുകളുടെ വില നിയന്ത്രണത്തിൽ ഏകീകൃത നയം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>പുതിയ ഹോമിയോ ഡിസ്പെൻസറികൾ</u>

758 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഹോമിയോ ഡിസ്പെൻസറികളുടെ മുൻഗണനാക്രമലിസ്റ്റ് പ്രസിദ്ധീകരിക്കാമോ;

(ബി) നിലവിൽ പാലക്കാട് ജില്ലയിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലാണ് ഹോമിയോ ഡിസ്പെൻസറി ഇല്ലാത്തത്;

(സി) 2013-14 വർഷത്തിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കടമ്പഴിപ്പുറത്ത് ഹോമിയോ ആശുപത്രി സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ശ്രീ പിഷാരികാവ് ക്ഷേത്രത്തിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ</u>

759 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മലബാർ ദേവസ്വം വക ക്ഷേത്രമായ ശ്രീ പിഷാരികാവ് ക്ഷേത്രത്തിന് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സ്ഥലം വാങ്ങുന്നത് അംഗീകരിക്കുന്നത് സംബന്ധിച്ച ക്ഷേത്രം ട്രസ്റ്റി ബോർഡ് ചെയർമാൻ സർക്കാർ മുൻപാകെ സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

ക്ഷേത്ര പുനരുദ്ധാരണത്തിന് ധനസഹായം

760 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷേത്ര പുനരുദ്ധാരണത്തിനായി സർക്കാർ നല്കിവരുന്ന ധനസഹായം ഇതുവരെ എത്ര ക്ഷേത്രങ്ങൾക്ക് നല്കിയിട്ടുണ്ട്;

(ബി) വർഷംതോറും ധനസഹായം ലഭ്യമാക്കുന്നുണ്ടോ ; എങ്കിൽ ഒരിക്കൽ അർഹത നേടുന്ന ക്ഷേത്രങ്ങൾക്ക് ആയത് തുടർന്നും നല്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പുനരുദ്ധാരണ സഹായം ലഭിക്കുന്നതിനുവേണ്ടി അപേക്ഷ നൽകിയിട്ടും അതിൽ തീരുമാനമെടുക്കാൻ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കാലതാമസം ഒഴിവാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; എത്ര അപേക്ഷകൾ നിലവിൽ തീർപ്പാക്കുവാനുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>മാടായി തിരുവർക്കാട്ടുകാവിൽ ക്ഷേത്ര കലാ അക്കാദമി</u>

761 ശ്രീ.റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ കണ്ണൂർ ജില്ലയിലെ മാടായി തിരുവർക്കാട്ടു കാവിൽ ക്ഷേത്രകലാ അക്കാദമി സ്ഥാപിക്കുമെന്നും 2012 സെപ്തംബറിൽ ചെണ്ട, പൂരക്കളി എന്നീ കോഴ്സുകൾ ആരംഭിക്കുമെന്നും സർക്കാർ ഉറപ്പ് നൽകിയിരുന്നോ; എങ്കിൽ ഉറപ്പ് ഇതുവരെ നടപ്പിലാക്കാതിരുന്നത് എന്തു കൊണ്ടാണ്;

(ബി) ക്ഷേത്രകലാ അക്കാദമി സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ച സാഹചര്യത്തിൽ അക്കാദമിയുടെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

ശബരിമലയിലെ സീറോ വേസ്റ്റ് മാനേജ്മെന്റ് പ്രോഗ്രാം

762 ശ്രീ.രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011–2012 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ശബരിമലയിലെ ശുചീകരണ പ്രവർത്തനങ്ങൾക്കായുള്ള സീറോ വേസ്റ്റ് മാനേജ്മെന്റ് പ്രോഗ്രാം എന്ന പദ്ധതിക്ക് എന്തു തുകയാണ് നീക്കിവെച്ചിരുന്നത് എന്നും, എന്നാണ് ഇതു സംബന്ധിച്ച് ഉത്തരവു പുറപ്പെടുവിച്ചിരുന്നത് എന്നും അറിയിക്കുമോ;

(ബി) ഇതനുസരിച്ച് എന്തൊക്കെ പ്രവർത്തനങ്ങളാണ് ശബരിമലയിൽ നടത്തിയിട്ടുളളത് എന്നും, ഓരോന്നിനും ചെലവഴിച്ച തുക എത്ര എന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി പിന്നീടും തുടർന്നിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

ശബരിമല തീർത്ഥാടകരിൽ നിന്നും ലഭിച്ച വരുമാനം

763 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകരിൽ നിന്നും 2006 മുതൽ ഓരോ വർഷവും ദേവസ്വം ബോർഡിനു ലഭിച്ച വരുമാനത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ശബരിമല തീർത്ഥാടനം നടത്തിയവരുടെ എണ്ണം സംബന്ധിച്ച് കഴിഞ്ഞ ഏഴു വർഷത്തെ കണക്ക് നൽകുമോ;

(സി) തീർത്ഥാടകർക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിന് കഴിഞ്ഞ ഏഴു വർഷത്തിനുള്ളിൽ ഓരോ വർഷവും ദേവസ്വം ബോർഡ് ചെലവഴിച്ച തുകയുടെ വിശദാംശം വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

ആചാരസ്ഥാനികര്‍ക്ക് ആനുകൂല്യം നല്‍കുന്ന പദ്ധതി

764 ശ്രീ. ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ആചാരസ്ഥാനികര്‍ക്ക് ആനുകൂല്യം നല്‍കുന്ന പദ്ധതി ഇപ്പോള്‍ നിലവിലുണ്ടോ;

(ബി) എങ്കില്‍ എത്ര പേര്‍ക്ക്, എത്ര രൂപ വീതം നല്‍കുന്നുണ്ട്; അറിയിക്കാമോ;

(സി) എത്ര അപേക്ഷകളില്‍ ഇനിയും ആനുകൂല്യം നല്‍കുവാനായി ബാക്കിയുണ്ട്;

(ഡി) എങ്കില്‍ അപേക്ഷകര്‍ക്ക് ആനുകൂല്യം നല്‍കുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>തിരുവിതാംകൂർ ദേവസ്വം ബോർഡ് നിയമനങ്ങൾ</u>

765 ശ്രീ. പി. കെ. ഗുരുദാസൻ
,, സി. കെ. സദാശിവൻ
,, ബി. സത്യൻ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഒഴിവുകൾ നികത്താൻ ഒരു സ്ഥിരം സമിതിയെ നിയമിക്കണമെന്ന് ഹൈക്കോടതി ഉത്തരവിടാനുണ്ടായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ അറിയിക്കാമോ;

(ബി) ദേവസ്വം നിയമനങ്ങൾ പി.എസ്.സി. ക്കുവിട്ട മുൻ സർക്കാരിന്റെ തീരുമാനം അട്ടിമറിച്ചത് പിൻവാതിൽ നിയമനത്തിനായിരുന്നെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ദേവസ്വം നിയമനങ്ങൾ അഴിമതിരഹിതവും സുതാര്യവും നിയമാനുസൃതവുമാണെന്ന് ഉറപ്പാക്കാനായി നിയമനങ്ങൾ പി.എസ്.സി. ക്കു വിടാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

<u>കൊച്ചിൻ ദേവസ്വത്തിലെ നിയമനങ്ങൾ</u>

766 ശ്രീ. എസ്. ശർമ്മ
,, സാജു പോൾ
,, ആർ. രാജേഷ്
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ ദേവസ്വത്തിൽ ക്ഷേത്രജീവനക്കാരെ ദേവസ്വത്തിന് നേരിട്ട് നിയമിക്കാമെന്ന ചട്ടത്തിന്റെ മറവിൽ വഴിവിട്ട നിയമനങ്ങൾ നടക്കുന്നതായി വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇക്കാര്യത്തിൽ എന്തന്വേഷണം നടത്തിയെന്നറിയിക്കുമോ;

(ബി) 2012 ജനുവരി മുതൽ കൊച്ചിൻ ദേവസ്വം ബോർഡ് നടത്തിയ ദിവസവേതനത്തിലും അല്ലാതെയുമുള്ള താൽക്കാലിക നിയമനം എത്രയായിരുന്നുവെന്നും അക്കാലയളവിൽ വിവിധ തസ്തികകളിൽ സ്ഥിരപ്പെടുത്തിയവരെത്രയെന്നും അറിയിക്കാമോ;

(സി) ക്ഷേത്രജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റ് എന്ന പേരിൽ അഡ്മിനിസ്ട്രേറ്റീവ് ജീവനക്കാരായി നിയമിച്ചതിന്റെ വിശദാംശം നൽകാമോ;

(ഡി) ബോർഡിലെ നിയമനങ്ങളെക്കുറിച്ച് അന്വേഷിക്കാൻ ഒരു സ്വതന്ത്രസമിതിയെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>കാലാവധി അവസാനിച്ച റാങ്കു ലിസ്റ്റുകൾ</u>

767

ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ വിവിധ തസ്തികകളിലേയ്ക്കുളള എത്ര റാങ്ക് ലിസ്റ്റാണ് കാലാവധി കഴിയാറായിട്ടുളളതെന്ന് വെളിപ്പെടുത്തുമോ;

(ബി) "ശാന്തിലാവണ്യം" തസ്തികയിലേയ്ക്കുളള എത്ര ഒഴിവുകളാണ് നിലവിലുളളത്;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത്; അതിന് മുമ്പായി ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) കാലാവധി അവസാനിക്കുന്നതിന് മുമ്പുതന്നെ നിലവിലുളള ഒഴിവുകൾ നികത്താത്തത് പുറംവാതിൽ നിയമനം നടത്താനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

ദേവസ്വം ബോർഡ് നിയമനങ്ങൾ

768 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെയായി സംസ്ഥാനത്തെ എല്ലാ ദേവസ്വം ബോർഡുകളിലുമായി ആകെ എത്ര പേരെ നിയമിച്ചിട്ടുണ്ട്; വെളിപ്പെടുത്താമോ;

(ബി) ആരെയൊക്കെ ഏതെല്ലാം തസ്തികകളിലാണ് നിയമിച്ചതെന്ന് വിശദമാക്കാമോ;

(സി) ഈ നിയമനങ്ങൾ എന്തൊക്കെ മാനദണ്ഡങ്ങൾ പാലിച്ചാണ് നടത്തിയതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>കാണിക്ക എണ്ണൽ ക്യാമറയിൽ പകർത്തൽ</u>

769 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിൽ എത്ര ക്ഷേത്രങ്ങൾ നിലവിലുണ്ട്; അവയുടെ പേരുവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ക്ഷേത്രങ്ങളിലെ കാണിക്ക എണ്ണി തിട്ടപ്പെടുത്തലിൽ ക്രമക്കേടുകൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാണിക്ക എണ്ണൽ ക്യാമറയിൽ പകർത്തുമോ; എങ്കിൽ ആയതിനു ചെലവാകുന്ന തുക എത്ര;

(ഡി) നൂറനാട് പടനിലം ക്ഷേത്രത്തെ ശബരിമല ഇടത്താവളമാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.06.2013–ലെ മറുപടിക്ക്

ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം

770

ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) മലബാർ, കൊച്ചി, തിരുവിതാംകൂർ ദേവസ്വം ബോർഡുകളിലായി എത്ര ജീവനക്കാർ സ്ഥിരം / താല്ക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ടെന്ന് ബോർഡ് തിരിച്ച് വിശദമാക്കാമോ;

(സി) ക്ഷേത്ര ജീവനക്കാരുടെ ശമ്പളം അവസാനമായി പരിഷ്കരിച്ചത് എപ്പോഴാണ്;

(ഡി) ശമ്പളം പരിഷ്ക്കരിക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ?